# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

ഉൾപ്പേജുകളിൽ


- വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും 2
- ഗോത്രങ്ങൾതേടി/ഭാവന 3
- വന്നവഴികൾ 4
- മഹത്വത്തിൽ/ക്വിസ് 5
- ചിന്ത/വാർത്തകൾ 6


Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 25

16 ആഗസ്റ്റ് 2014 പുസ്തകം 37 ലക്കം 25 പേജ് 6

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് ഒരുക്കങ്ങൾ പൂർത്തിയായി

● മലബാർ ഡിവിഷന്റെ സഹകരണത്തിൽ സെപ്റ്റം. 8–12 വരെ

**പാലക്കാട്:** രണ്ടു വർഷത്തിലൊരിക്കൽ ജനറൽ വൈ.എം.ഇ.എഫ്.ന്റെ ചുമതലയിൽ നടക്കുന്ന ജനറൽ ക്യാമ്പിനായി നെന്മാറ ബേത്‌ലഹേം റസിഡൻഷ്യൽ സ്കൂൾ ഒരുങ്ങി. സെപ്റ്റം. 8–12 വരെ മലബാർ ഡിവിഷന്റെ സഹകരണത്തിൽ നടക്കുന്ന ക്യാമ്പിൽ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി അറുന്നൂറിലധികം പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ജനറൽ സെക്രട്ടറി ജേക്കബ് പി. മാത്യുവിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി വിപുലമായ ക്രമീകരണങ്ങളാണ് ഈ വർഷം സംഘടിപ്പിച്ചിട്ടുള്ളത്.

'കർത്താവിന്റെ പുനരാഗമനവും വിശ്വാസിയും' എന്നതാണ് ക്യാമ്പ് തീം. സാമുവേൽ ബി. തോമസ്, അജോയ് റ്റി. മാത്യു, പി.ജി. ജയിംസ്, സി. ഓ. ഡേവിഡ്, സാംസൺ ഡിക്രൂസ് എന്നിവർ കൂടാതെ നിരവധി കർതൃദാസന്മാർ ക്യാമ്പിന് നേതൃത്വം നൽകുകയും വിവിധ സെഷനുകൾ കൈകാര്യം ചെയ്യുകയും ചെയ്യും. ബൈബിൾ ക്ലാസ്സുകൾ കൂടാതെ ടാലന്റ് ടൈം, ചോദ്യോത്തരവേള, ഗാനാഭ്യസനം, മിഷനറി സമ്മേളനം തുടങ്ങിയ നിരവധി പ്രോഗ്രാമുകൾ വേറെയും ക്രമീകരിച്ചിട്ടുണ്ട്.

വരിസംഖ്യ പുതുക്കുന്നതിനും പുതുതായി വരിക്കാരാകുന്നതിനും ഉള്ള സൗകര്യാർത്ഥം സുവിശേഷധ്വനിയുടെ ഓഫീസ് ക്യാമ്പിൽ പ്രവർത്തിക്കുന്നതാണ്. ജി.എൽ.എസ്.ന്റെ വളരെ വിപുലമായ ഒരു പുസ്തകശാലയും ക്യാമ്പിനോടനുബന്ധിച്ച് മുഴുവൻ സമയവും പ്രവർത്തിക്കുന്നുണ്ട്.

ക്യാമ്പ് ക്രമീകരണങ്ങളെക്കുറിച്ചും ക്യാമ്പിലേക്കുള്ള വഴിവിവരവും അറിയേണ്ടവർ 9495448947, 9447233752 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്. ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുക.

### കുമ്പനാട് കൺവൻഷൻ ഡിസംബർ 28 മുതൽ ജനുവരി 4 വരെ

**കുമ്പനാട്:** ജൂലൈ 15-ന് കൂടിയ സഭാപ്രതിപുരുഷയോഗത്തിൽ 112-ാമത് ബ്രദറൺ ജനറൽ കൺവൻഷൻ 2014 ഡിസം. 28-ാം തീയതി ഞായറാഴ്ച വൈകിട്ട് 6.00 മുതൽ 2015 ജനുവരി 4-ാം തീയതി ഞായറാഴ്ച 1.30 വരെ കുമ്പനാട് ബ്രദറൺ കൺവൻഷൻ ഗ്രൗണ്ടിൽ വച്ച് നടത്തുവാൻ കർത്താവിലാശ്രയിച്ചു തീരുമാനിച്ചിരിക്കുന്നു. കൺവൻഷന്റെ അനുഗ്രഹത്തിനായി ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥന ക്ഷണിച്ചുകൊള്ളുന്നു.

*കൺവീനർ*

## വിശ്വാസിയുടെ അവകാശവാദവും പരിശുദ്ധാത്മാവിന്റെ വെല്ലുവിളിയും

*(1 യോഹ: 2: 6)*

**പരിശുദ്ധാത്മാവിന്റെ വെല്ലുവിളിക്കു മുന്നിൽ നാവിറങ്ങിപ്പോയ വേഷവിശ്വാസിയുടെ ദയനീയാവസ്ഥ ചിത്രീകരിക്കുന്ന യോഹന്നാൻ അപ്പൊസ്തലന്റെ ഹൃദയസ്പന്ദനം തൊട്ടറിയുകയാണ് ലേഖകൻ ഈ പരമ്പരയിലൂടെ. ആഴമായ ആത്മീയസത്യങ്ങൾ സ്പഷ്ടമായി വിശകലനം ചെയ്യുന്ന ഈ ലേഖന പരമ്പര തുടർന്നു വായിക്കുക.**

തോമസ്കുട്ടി കുരുവിള, തിരുവല്ല

1 യോഹ. 2:6–ൽ **(അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു).** അവനിൽ വസിക്കുന്നു എന്ന പ്രഖ്യാപനത്തെ തെളിയിക്കുവാനുള്ള വെല്ലുവിളി ആ വാക്യത്തിൽ തന്നെ യോഹന്നാൻ ഉയർത്തുന്നു.

ഒരുവൻ കർത്താവിൽ വസിക്കുമ്പോൾ കർത്താവ് അവനിലും വസിക്കുന്നു എന്ന പരസ്പരപൂരകമായ ആശയം യോഹന്നാൻ ആദ്യം കേട്ടത് മുന്തിരിവള്ളിയുടെയും കൊമ്പിന്റെയും ദൃഷ്ടാന്തം പറഞ്ഞുകൊടുത്ത കർത്താവിൽ നിന്നു തന്നെയാണ്. (യോഹ.15:4) എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന് മുന്തിരിവള്ളിയിൽ വസിക്കുമ്പോൾ ഫലം കായ്പ്പാൻ കഴിയുന്നതുപോലെ, എന്നിൽ വസിക്കുമ്പോൾ നിങ്ങൾക്കും ഫലം കായ്പ്പാൻ കഴിയും എന്നാണ് കർത്താവ് പറയുന്നത്. കൊമ്പ് മുന്തിരിവള്ളിയിൽ നിൽക്കുന്നിടത്ത് നിൽക്കുമ്പോൾ മുന്തിരിയുടെ ജീവരസം അതിലൂടെ ഒഴുകി പൂവും തുടർന്ന് കായും ഉളവാകുന്നത് കാണാം. ക്രിസ്തു എന്ന മുന്തിരിവള്ളിയിൽ നിൽക്കുന്ന കൊമ്പിൽ (വിശ്വാസിയിൽ), ഈ പ്രക്രിയയുടെ സ്വാഭാവിക പരിണാമമായ ഫലം വെളിപ്പെടും എന്നു വ്യക്തം.

**കർത്താവിൽ വസിക്കുന്നവൻ സ്വാഭാവികമായും കർത്താവിനെ വെളിപ്പെടുത്തും – അവൻ നടന്നതു പോലെ നടക്കും, ക്രിസ്തു എന്നിൽ ജീവിക്കും, അവന്റെ കാൽചുവടുകൾ പിന്തുടരും. ഇതിനുള്ള വെല്ലുവിളിയാണ് മുകളിൽ കേട്ടത്. നീ മുന്തിരിവള്ളിയിൽ വസിക്കുന്ന കൊമ്പെങ്കിൽ ഫലമെവിടെ?? നീ അവനിൽ വസിക്കുന്ന ദൈവപൈതലെങ്കിൽ ക്രിസ്തു നി ന്നിൽ വെളിപ്പെടാത്തതെന്ത് എന്ന ശക്തമായ ചോദ്യമാണ് ഈ വാക്യം.**

പ്രിയപ്പെട്ടവരേ, ക്രിസ്തു ഇന്ന് ലോകത്തിൽ ഒരിടത്ത് ജീവിക്കുന്നു എന്നു വിചാരിക്കുക. എങ്കിൽ അവൻ ഇന്ന് എങ്ങനെയായിരിക്കും ജീവിക്കുന്നത്. അവന്റെ ജീവിതശൈലിയും, പ്രസംഗവും, ഉപദേശങ്ങളും പഴയതിൽ നിന്നും വ്യത്യസ്തമായിരിക്കുമോ? രണ്ടായിരത്തിൽപരം വർഷങ്ങൾ കഴിഞ്ഞില്ലേ? ഈ ദൈർഘ്യമേറിയ കാലത്തിന്റെ മാറ്റങ്ങൾ അവനിൽ കാണില്ലേ?

ഒരിക്കലുമില്ല!! അവന് മാറ്റമില്ല. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ. അവന്റെ രക്തത്തിന്റെ സമ്പാദ്യമായ സഭയ്ക്കു പോലും എന്തെല്ലാം പരിണാമങ്ങൾ സംഭവിച്ചു. പക്ഷേ ക്രിസ്തു മാറ്റങ്ങൾക്ക് വിധേയനല്ല. ക്രിസ്തു ഇന്ന് ലോകത്തിലെവിടെയെങ്കിലും ജീവിച്ച് ശുശ്രൂഷ ചെയ്യുന്നുണ്ടെങ്കിൽ എല്ലാം മുൻപ് അവൻ ചെയ്തതുപോലെതന്നെയായിരിക്കും. ഒരുമാറ്റവും ഉണ്ടാവുകയില്ല. **ഓർക്കുക!! ക്രിസ്തു ഇന്ന് ഇവിടെ ജീവിക്കുന്നു. അവൻ എന്നിലും നിങ്ങളിലും ജീവിക്കുന്നു.** ലോകത്തിന് ക്രിസ്തുവിനെ കാണുവാനുള്ള മാദ്ധ്യമങ്ങളായി നമ്മെ ഭൂമിയിൽ ആക്കിയിരിക്കുന്നു. ഈ ആശയം ഏറ്റവും ഭംഗ്യന്തരേണ അവതരിപ്പിച്ചിരിക്കുന്നത് പൗലൊസ് തന്നെ – ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല, **ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു.** ഇനിയും എന്നെയല്ല, എന്നിൽ ജീവിക്കുന്ന ക്രിസ്തുവിനെ ലോകം കാണുമെന്നർത്ഥം.

നമ്മിൽ ജീവിക്കുന്ന ക്രിസ്തുവിനെ ലോകത്തിന് കാട്ടിക്കൊടുക്കുന്ന ദൗത്യം നാം വിജയകരമായി നിർവ്വ

➢ശേഷം 2-ാം പേജിൽ

## ധ്വനി ബൈബിൾ ക്വിസ് നൈസി റെഞ്ചിയും മേരി ജോർജ്ജും വിജയികൾ

• രണ്ടു വർഷത്തെ 52 ക്വിസിലും മുഴുവൻ ശരിയാക്കിയവർ ആരുമില്ല.

**അങ്കമാലി :** ധ്വനി ബൈബിൾ ക്വിസിൽ ആദ്യ വർഷത്തെ മുഴുവൻ ഉത്തരങ്ങളും ശരിയാക്കി നൈസി റെഞ്ചി, ചേപ്പാട് ഒന്നാം സ്ഥാനം നേടി. രണ്ടാം വർഷം 27–52 വരെയുള്ള ക്വിസിൽ മേരി ജോർജ്ജ്, പഴവങ്ങാടി 26 മാർക്കു നേടി ഒന്നാം സ്ഥാനത്തെത്തിയപ്പോൾ 25 മാർക്കോടെ നൈസി റെഞ്ചി രണ്ടാം സ്ഥാനവും നേടി. രണ്ടു വർഷവും മുഴുവൻ ശരിയാക്കിയവർ ആരുമില്ല.

ഒന്നാം വർഷം റെയ്ച്ചൽ മനേഷ് വടക്കഞ്ചേരി, സ്പർജൻ കെ.ജെ. ബാലരാമപുരം, പി.ജെ. മാത്യു ഡൽഹി, കൊച്ചുമാർത്ത ജോർജ്ജ് നെല്ലിക്കുന്ന് എന്നിവർ 23 മാർക്ക് വീതം നേടിയിട്ടുണ്ട്. 20 മാർക്കു വീതം നേടി ടൈനി പ്രിൻസ് ബാംഗ്ലൂർ, പൊന്നമ്മ രാജു ഷാർജ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. 27–52 വരെ ക്വിസിൽ സ്പർജൻ കെ.ജെ.യും പി.ജെ. മാത്യുവും 24 മാർക്കോടെ മൂന്നാം സ്ഥാനത്തെത്തി.

വിജയികൾക്കുള്ള സമ്മാനങ്ങൾ പാലക്കാട്ടു നടക്കുന്ന വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്. വിജയികളായവർ സമ്മാനങ്ങൾ നേരിട്ടു വാങ്ങേണ്ടതാണ്. നേരിട്ടു കടന്നു വരുവാൻ കഴിയാത്തവർ നിങ്ങൾ അയയ്ക്കുന്ന പ്രതിനിധികളുടെ വിവരം ചീഫ് എഡിറ്ററെ അറിയിക്കുക. സമ്മാനങ്ങൾ ആർക്കും തപാലിൽ അയയ്ക്കുന്നതല്ല. ധ്വനി ബൈബിൾ ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

പി.പി. ജോർജ്ജ്

*ഫലം ഒറ്റനോട്ടത്തിൽ* ➢ 2-ാം പേജ് കാണുക




**ക്യാമ്പിലേക്കുള്ള വഴി :** തൃശ്ശൂർ ഭാഗത്തു നിന്നു വരുന്നവർ ശക്തൻ സ്റ്റാന്റിൽ നിന്ന് ഗോവിന്ദാപുരം, പൊള്ളാച്ചി, കൊഴിഞ്ഞാംപാറ എന്നീ വഴിക്കുള്ള ബസ്സിൽ കയറി നെന്മാറ സ്റ്റാന്റിൽ ഇറങ്ങുക. പാലക്കാടു ഭാഗത്തുനിന്നു വരുന്നവർ സ്റ്റേഡിയം സ്റ്റാന്റിൽ നിന്ന് ബസ് കയറി നെന്മാറയിൽ ഇറങ്ങുക.

**സുവിശേഷ ധ്വനി**

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക

**ആഗസ്റ്റ് 16**
പുസ്തകം 37, ലക്കം 25

**സ്വയ വഞ്ചനയുടെ ദുരന്തം തിരിച്ചറിയുക**

# വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും

ഇത് തട്ടിപ്പുകളുടെ കാലം. ഏതെല്ലാം രീതിയിലുള്ള തട്ടിപ്പുകളാണ് കളം നിറഞ്ഞ് ആടുന്നത്. വിസാ തട്ടിപ്പു മുതൽ വിവാഹ തട്ടിപ്പു വരെ അതിലുണ്ട്. ആടു തട്ടിപ്പ്, മാഞ്ചിയം തട്ടിപ്പു തുടങ്ങിയവ ലക്ഷങ്ങളുടെ കഥ പറഞ്ഞപ്പോൾ ആധുനിക തട്ടിപ്പുകൾ ശതകോടികളുടെ കണക്കുകളാണ് അവതരിപ്പിക്കുന്നത്. സോളാർ തട്ടിപ്പു തുടങ്ങി ലോട്ടറി തട്ടിപ്പുവരെ കണ്ടിട്ടുള്ള മലയാളികൾ കഥയൊന്നുമറിയാത്തവരെപ്പോലെ പുതിയ തട്ടിപ്പിനരയായിത്തീരുന്നു. "ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ട് മേല്ക്കുമേൽ ദോഷത്തിൽ മുതിർന്നു വരും." എന്ന് പൗലോസ് അപ്പൊസ്തലൻ തിമൊഥെയോസിനെ ഓർമ്മിപ്പിക്കുന്നത് എത്രയോ വാസ്തവമായിത്തീർന്നിരിക്കുന്നു! ദ്രവ്യാഗ്രഹം മൂത്ത് മലയാളികൾ പുതിയ പുതിയ വഞ്ചനയിൽ കുടുങ്ങുകയും പിന്നീട് സ്വയം ശപിക്കുകയും ചെയ്യുന്നത് നിത്യവാർത്തയായിത്തീർന്നിരിക്കുന്നു.

വഞ്ചനയുടെ ആരംഭം ഏദെനിൽ തന്നെയാണ്. "പാമ്പ് എന്നെ വഞ്ചിച്ചു" എന്നാണ് ഹവ്വയുടെ ഭാഷ്യം. വഞ്ചകനായ സാത്താൻ ഇന്നും വക്രബുദ്ധിയോടെ ഇഴഞ്ഞടുക്കുന്നു- പുതിയ ഇരയെ തേടി. ദ്രവ്യാഗ്രഹവും അത്യാഗ്രഹവും വർദ്ധിക്കുന്തോറും തട്ടിപ്പുകളുടെ നിര ഇനിയും നീണ്ടുകൊണ്ടിരിക്കുക തന്നെ ചെയ്യും.

ഒരാൾ സ്വയം വഞ്ചിതനായി ജീവിതകാലം മുഴുവൻ കഴിയുക; നിത്യതയുടെ വെളിച്ചത്തിൽ അയാൾക്കു പറ്റിയ ചതിവ് സ്വയം അറിയുക എന്നത് എത്ര ദുഃഖകരമായ കാര്യമാണ്. "ആരും തന്നെത്താൻ വഞ്ചിക്കരുത്" എന്ന് അപ്പൊസ്തലൻ കൊരിന്ത്യരോട് ആഹ്വാനം ചെയ്യുന്നുണ്ട്. നിത്യത വരെയും സ്വയം വഞ്ചിതരായി കഴിഞ്ഞു കൂടുന്ന വലിയോരു ജനസമൂഹത്തെപ്പറ്റി കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ പരാമർശിക്കുന്നുണ്ട്. "ഞാൻ നിങ്ങളെ അറിയുന്നില്ല" എന്ന മറുപടി കേട്ട് ഒരു ഞെട്ടലോടെയാണ് അവർ യാഥാർത്ഥ്യത്തിലേക്കു മടങ്ങുന്നത്. എന്നാൽ അപ്പോഴേക്കും എല്ലാറ്റിന്റെയും സമയം കഴിഞ്ഞിരിക്കും. അന്നുവരെ അവരുടെ ധാരണ അവർക്കു ദൈവസന്നിധിയിൽ സ്ഥാനം ലഭിക്കുമെന്നായിരുന്നു. വേഷധാരികളായ ക്രിസ്തീയ സമൂഹത്തിന്റെ ഏറ്റം ദൗർഭാഗ്യകരമായ നിമിഷമായിരിക്കും അത് (മത്താ. 7:21-23).

അവ്വണ്ണം തന്നേ ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാരും സ്വയം വഞ്ചിക്കപ്പെടുകയായിരുന്നു. മണവാളനൊപ്പമാകുവാൻ അവർ ആഗ്രഹിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്തവരാണ്. എന്നാൽ അവസാനസമയമാണ് അവരും വഞ്ചിതരായെന്നു തിരിച്ചറിയുന്നത്; അവർ പുറത്താക്കപ്പെട്ടു എന്ന യാഥാർത്ഥ്യം അവരെ നോക്കി പല്ലിളിക്കുമ്പോൾ അവർ മഞ്ഞളിച്ചുപോയി.

ദൈവജനമേ നാം വഞ്ചിക്കപ്പെടരുത്. സാധുക്കളെ ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞ് വഞ്ചിക്കുന്നവർ ഇന്നും ആത്മീയരംഗത്തുണ്ട്. ദൈവജനത്തെ വഞ്ചിക്കുന്ന ബിലെയാംമാർ ഇന്നും സമൂഹത്തിൽ വിഹരിക്കുന്നുണ്ട്. 'കൂട്ടിൽ പക്ഷി നിറഞ്ഞിരിക്കുന്നതു പോലെ അവരുടെ വീട്ടിൽ വഞ്ചന നിറഞ്ഞിരിക്കുന്നു.' വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും സ്വയം വഞ്ചിതരായും കഴിയുന്ന ഈ വക്രതലമുറയിൽ ദൈവത്തിന്റെ നിഷ്ക്കളങ്ക മക്കളായി വേർപെട്ടിരിക്കുവാൻ ദൈവം തന്റെ ജനത്തെക്കുറിച്ച് ആഗ്രഹിക്കുന്നു. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

സുവിശേഷധ്വനി ഈ ലക്കവും നിങ്ങൾക്ക് അനുഗ്രഹമാകും എന്നു വിശ്വസിക്കുന്നു. 'വിശ്വാസിയുടെ അവകാശവാദവും പരിശുദ്ധാത്മാവിന്റെ വെല്ലുവിളിയും' എന്ന ലേഖന പരമ്പര തുടരുന്നു. സ്വയം വഞ്ചിതരായി കഴിയുന്ന വലിയൊരു സമൂഹത്തിന്റെ ദുർവിധിയാണ് ലേഖകൻ അതിലൂടെ പൊരുൾ തിരിക്കുന്നത്. കർത്തൃദാസൻ ഇ. ജെ. പൈലി തന്റെ ജീവിതാനുഭവങ്ങൾ വിവരിക്കുന്ന 'വന്ന വഴികൾ' എന്ന പുതിയ പംക്തിയും നിങ്ങൾക്ക് അനുഗ്രഹമാണ് എന്ന് വിശ്വസിക്കുന്നു. തുടർന്നും സുവിശേഷധ്വനിയുടെ സുഗമമായ പ്രസിദ്ധീകരണത്തിനു വേണ്ടി നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

**ചീഫ് എഡിറ്റർ**

➢ 1-ാം പേജിൽ നിന്നും തുടർച്ച

## വിശ്വാസിയുടെ അവകാശവാദവും...

ഹിക്കുന്നുണ്ടോ? **ലോകം നമ്മിലൂടെ ഒരു ക്രിസ്തുവിനെ കാണുന്നുണ്ട് എന്നുള്ളത് വ്യക്തം.** ലോകം നമ്മിൽ കാണുന്ന ക്രിസ്തു യഥാർത്ഥ ക്രിസ്തു ആണോ? നാല് സുവിശേഷങ്ങൾ വെളിപ്പെടുത്തുന്ന ക്രിസ്തുവാണോ? ചരിത്രപുരുഷനായ ക്രിസ്തുവാണോ? സമാരാദ്ധ്യനായ

**ലോകത്തെ തന്റെ ഉപദേശങ്ങളുടെ ആഴങ്ങൾ കൊണ്ടും തന്റെ വ്യക്തിപ്രഭാവത്തിന്റെ വശ്യത കൊണ്ടും ത്രസിപ്പിച്ച ക്രിസ്തുവിന് പകരം ബലഹീനനായ ഒരു അഭിനവ ക്രിസ്തുവിനെ നാം ലോകത്തിന് കാണിച്ചു കൊടുക്കുന്നു.**

ക്രിസ്തുവാണോ? നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുമെന്ന് ലോകമനഃസാക്ഷിയുടെ മുഖത്തു നോക്കി വെല്ലുവിളിച്ച സാക്ഷാൽ ക്രിസ്തുവാണോ?

**അല്ലേയല്ല എന്നുത്തരം. മറ്റൊരു ക്രിസ്തുവിനെയാണ് നാം ലോകത്തിന് കാണിച്ചു കൊടുക്കുന്നത്. മാറ്റങ്ങൾക്ക് വശംവദനായ ഒരു ക്രിസ്തുവിനെ നാം വെളിപ്പെടുത്തുന്നു. രണ്ട് സഹസ്രാബ്ദങ്ങളുടെ മാറ്റങ്ങൾക്ക് അധീനനായിത്തീർന്ന, ബൈബിളിന് പരിചയമില്ലാത്ത, ഇരുപത് നൂറ്റാണ്ടുകളിലൂടെ തകർന്ന ജീവിതമൂല്യങ്ങളുടെ പോറലേൽക്കേണ്ടി വന്ന, ശക്തിക്ഷയം സംഭവിച്ച, വ്യാജനെന്ന് സർവ്വഥാ വിളിക്കുവാൻ അർഹനായ ക്രിസ്തുവിനെ. ലോകത്തെ തന്റെ ഉപദേശങ്ങളുടെ ആഴങ്ങൾ കൊണ്ടും തന്റെ വ്യക്തിപ്രഭാവത്തിന്റെ വശ്യത കൊണ്ടും ത്രസിപ്പിച്ച ക്രിസ്തുവിന് പകരം ബലഹീനനായ ഒരു അഭിനവ ക്രിസ്തുവിനെ നാം ലോകത്തിന് കാണിച്ചു കൊടുക്കുന്നു. ജനപഥങ്ങളെ സ്വാധീനം ചെലുത്തുവാൻ കഴിയാത്ത ഇന്നത്തെ ക്രിസ്തുവിന് ആവശ്യക്കാർ കുറവ്!** The Christ we are presenting is a Christ succumbed to all sorts of variations and transformations according to the course of this world. We are manifesting the profile of a couterfiet Christ, who is being ridiculed among the masses.

ഓർക്കുക, അന്നത്തെ ക്രിസ്തുവിനെ വളരെ പുരുഷാരം പിന്തുടർന്നു (മത്തായി.4:25). ക്രിസ്തുവിനെ അവന്റെ തനിമയിൽ കണ്ടാൽ ഇന്നും പുരുഷാരം അവനെ തിക്കിത്തിരക്കും. മനുഷ്യൻ നേരിടുന്ന സകല ദുരന്തങ്ങളിൽനിന്നും മനുഷ്യനെ ചൂഴ്ന്നുനിൽക്കുന്ന സങ്കീർണ്ണമായ സകല സമസ്യകളിൽ നിന്നും അവനെ കരകയറ്റുവാൻ പ്രാപ്തിയുള്ള ഒരേയൊരു പുരുഷവിശേഷം ക്രിസ്തുമാത്രം, അന്നും ഇന്നും. ക്രിസ്തുവും, അവന്റെ സാന്നിദ്ധ്യവും, പ്രസംഗവും ഏത് വ്രണിത ഹൃദയത്തേയും സൗഖ്യമാക്കി അനന്തമായ ആനന്ദലബ്ധിയിലേക്കാനയിക്കുന്നു, അന്നും ഇന്നും.

**അന്ന് ജീവിച്ചിരുന്ന ക്രിസ്തു ലോകത്തിന് അന്നും ഇന്നും എന്നും പ്രിയങ്കരനാണ്. അവൻ ജനസഹസ്രങ്ങളുടെ ഹൃത്തടങ്ങളിൽ സർവ്വാംഗസുന്ദരനായ് പരിലസിക്കുന്നു. ഈ ക്രിസ്തുവിനെ തേടി മരുവിലെ വേഴാമ്പൽ പോലെ ലോകം ഇന്നും പരതുന്നു. ക്രൈസ്തവലോകം ദൈവത്തോട് ചെയ്ത ഏറ്റവും ഗുരുതരമായ അപരാധം ഇതുതന്നെ. യഥാർത്ഥ ക്രിസ്തുവിനെ ദാഹാർത്തരായ ജനങ്ങൾക്ക് നൽകുന്നതിന് പകരം മാറ്റങ്ങൾക്ക് വിധേയനായ ക്രിസ്തുവിനെ നൽകി.**

ചരിത്രം കണ്ട ക്രിസ്തുവും നാം വെളിപ്പെടുത്തുന്ന ക്രിസ്തുവും തമ്മിലുള്ള വ്യത്യാസം കൂടി ചൂണ്ടിക്കാണിക്കട്ടെ. പത്രൊസ് തന്റെ തൂലികയിലൂടെ ക്രിസ്തുവിന്റെ സപ്ത വർണ്ണങ്ങൾ വരച്ചു കാട്ടി (1 പത്രൊ.2:21-23). കർത്താവിനോടു കൂടെ നടന്ന പത്രൊസിന്റെ ഈ വാക്കുകൾ നൂറ്റാണ്ടുകളിലൂടെ ജനകോടികളുടെ ഹൃദയാന്തർഭാഗത്ത് പതിഞ്ഞ ക്രിസ്തുവിന്റെ ആളത്വത്തിന്റെ സുവർണ്ണമുദ്രയത്രെ. വിശിഷ്ടവും അന്യാദൃശ്യവുമായ ഈ ഏഴുകാര്യങ്ങളുടെ വെളിച്ചത്തിൽ സാക്ഷാൽ ക്രിസ്തുവും നാം വെളിപ്പെടുത്തുന്ന ഇന്നത്തെ ക്രിസ്തുവും തമ്മിലുള്ള താരതമ്യം ദുഃഖത്തോടെ മാത്രമേ ദർശിക്കാനാവൂ.

***(1) ക്രിസ്തു നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു :-***

അന്യനുവേണ്ടി കഷ്ടം സഹിക്കുന്നതാണ് ത്യാഗം എന്ന് പഠിപ്പിച്ചു. ഇന്നത്തെ ക്രിസ്തു കഷ്ടം സഹിക്കുന്നത് സ്വന്തം താല്പര്യങ്ങൾക്കു വേണ്ടിയും, വരുത്തി വയ്ക്കുന്ന തെറ്റുകളുടെ പരിണതഫലവും ആയിട്ടത്രെ.

***(2) അവന്റെ കാൽച്ചുവട് പിൻതുടരുവാൻ ഒരു മാതൃക :-***

നാം വെളിപ്പെടുത്തുന്ന ക്രിസ്തുവിനെ മാതൃകയാക്കുവാൻ കാണുന്നവർക്ക് ധൈര്യം പോരാ. (ഞാൻ പറയുന്നത് കേട്ടാൽ മതി, എന്നെ നോക്കേണ്ട എന്നു പറയുന്ന ഗതികേടിലായ ഇന്നിന്റെ ക്രിസ്തു.)

***(3) പാപം ചെയ്യാത്ത ക്രിസ്തു :-***

ഇന്നത്തെ ക്രിസ്തുവിനെ കുറിച്ച് ഇതു പറയുവാൻ ധൈര്യം പോരാ.

***(4) വായിൽ വഞ്ചന ഇല്ലാത്ത ക്രിസ്തു :-***

വാക്കുകളിലും പ്രവൃത്തികളിലും അത്യാവശ്യം വഞ്ചനയുടെ മേമ്പൊടി ചേർക്കുന്ന ആധുനിക ക്രിസ്തു.

***(5) ശകാരത്തിന് പകരം ശകാരിക്കാത്ത ക്രിസ്തു :-***

ശകാരിച്ചാൽ ഉരുളയ്ക്കുപ്പേരി പോലെ ഉടനടി കണക്കിന് ശകാരം ചൊരിയുന്ന ഇന്നിന്റെ ക്രിസ്തു.

***(6) കഷ്ടം അനുഭവിച്ചിട്ട് ഭീഷണി മുഴക്കാത്ത ക്രിസ്തു :-***

നമ്മിലെ ക്രിസ്തു കഷ്ടം സഹിക്കുവാൻ തയ്യാറല്ല എന്നു മാത്രമല്ല, ഉടൻ കണക്കു തീർക്കുവാൻ മടിക്കാത്തവനുമാണ്.

***(7) ന്യായമായി വിധിക്കുന്ന പിതാവിൽ കാര്യം ഭരമേൽപ്പിക്കുന്നവൻ :-***

അതിനൊന്നും കാത്തു നിൽക്കാതെ നിയമം കൈയ്യിലെടുക്കുന്ന ഇന്നത്തെ ക്രിസ്തു.

1 യോഹ.1:6-ൽ ഈ ദുരവസ്ഥയ്ക്കു നേരെയാണ് യോഹന്നാൻ വിരൽ ചൂണ്ടുന്നത്. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതു പോലെ നടക്കേണ്ടതാകുന്നു. **ക്രിസ്തുവിൽ ഞാൻ ആയിത്തീർന്നിരിക്കുന്നു എന്ന് അവകാശപ്പെടുമ്പോൾ, ക്രിസ്തുവിനെ അവന്റെ ലാളിത്യത്തിലും, തനിമയിലും, നിർമ്മലതയിലും ലോകം നമ്മിൽ കാണണം.** ഇതിനു വേണ്ടിയാണ് ദൈവം നമ്മെ മുന്നിയമിച്ചിരിക്കുന്നത്. അവന്റെ പുത്രന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ. ഇതത്രെ കാലം ഒരു വിശ്വാസിയുടെ മുൻപിൽ ഉയർത്തുന്ന വെല്ലുവിളി. ●

**ക്രൈസ്തവലോകം ദൈവത്തോട് ചെയ്ത ഏറ്റവും ഗുരുതരമായ അപരാധം ഇതുതന്നെ. യഥാർത്ഥ ക്രിസ്തുവിനെ ദാഹാർത്തരായ ജനങ്ങൾക്ക് നൽകുന്നതിന് പകരം മാറ്റങ്ങൾക്ക് വിധേയനായ ക്രിസ്തുവിനെ നൽകി.**

### ധ്വനി ബൈബിൾ ക്വിസ്
### ഫലം ഒറ്റനോട്ടത്തിൽ

QUIZ 1-26

| | | | |
|---|---|---|---|
| I | Nicy Renji, Cheppad | - | 26 |
| II | Rachel Manesh, Wadakkanchery | - | 23 |
| | Spurjan K.J., Balaramapuram | - | 23 |
| | P.J. Mathew, New Delhi | - | 23 |
| | Kochumartha George, Nellikunnu | - | 23 |
| III | Tyne Prince, Bangalore | - | 20 |
| | Ponnamma Raju, Sharjah | - | 20 |

QUIZ 27-52

| | | | |
|---|---|---|---|
| I | Mary George, Pazhavangadi | - | 26 |
| II | Nicy Renji, Cheppad | - | 25 |
| III | Spurjan K.J., Balaramapuram | - | 24 |
| | P.J. Mathew, New Delhi | - | 24 |

ഗോത്രങ്ങൾ തേടി..... 85



ക്രിസ്തുവിനെ പിൻപറ്റിയ ജനസമൂഹം

# രെങ്ലോങ്

ജനസംഖ്യ : 8,000
സാക്ഷരത : 80%
തിരുവചന ലഭ്യത : പുതിയ നിയമ പരിഭാഷ ലഭ്യമാണ്. പഴയനിയമ പരിഭാഷ പുരോഗതിയിൽ

## രങ്ലോങ് സ്ത്രീകൾ ഭർത്താവിന്റെയോ കുടുംബത്തിൽ തന്നേക്കാൾ മുതിർന്നവരുടെയോ പേര് പറയുന്നത് വിലക്കപ്പെട്ടിരിക്കുന്നു.

'മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴെ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല' (അപ്പൊ. പ്രവൃ. 4:12).

"ഈ വാക്കുകൾ ലഘുലേഖയുടെ താളിൽ നിന്ന് എന്റെ അടുത്തേക്ക് ചാടി വരുന്നതുപോലെ എനിക്കു തോന്നി. ഇത്രയും കാലം ഞാൻ വിചാരിച്ചിരുന്നത് എന്റെ മതത്തിന് എന്നെ നരകത്തിൽ നിന്നും രക്ഷിക്കാൻ കഴിയുമെന്നും ഞാൻ രക്ഷ പ്രാപിക്കുമെന്നുമായിരുന്നു. എന്നാൽ എന്റെ മനസ്സിൽ ഒരു സമാധാനവും ഇല്ലായിരുന്നു. എനിക്കു കിട്ടിയ ലഘുലേഖയിൽ മുൻപേ പറഞ്ഞ വാക്കുകൾ കണ്ടപ്പോൾ എനിക്ക് യേശുക്രിസ്തുവിനെ അറിയണമെന്നു തോന്നി. ഞാൻ ബൈബിൾ വായിക്കാൻ തുടങ്ങി. ഒടുവിൽ ഞാൻ എന്റെ ജീവിതം യേശുകർത്താവിനു സമർപ്പിച്ചു."

ദൈവവചനവുമായുള്ള ആദ്യബന്ധങ്ങൾ ഇങ്ങനെയാണ് സഹോ. ആൻഡ്രൂ വിവരിച്ചത്. ഇന്ന് രങ്ലോങ് ഭാഷയിലേക്ക് തിരുവചനം പരിഭാഷപ്പെടുത്തുന്നതിൽ പങ്കു വഹിക്കാൻ കഴിയുന്നതിൽ ആൻഡ്രൂവിന് വലിയ സന്തോഷമുണ്ട്. ഹാലാം സമൂഹത്തിന്റെ പാർപ്പിട പ്രദേശമായ പല ഉപവിഭാഗങ്ങൾ ചേർന്നതാണ്. ഇതിൽ പ്രമുഖമായ ഒന്നാണ് രങ്ലോങ്. ഏകദേശം 60 വർഷം മുൻപ് സുവിശേഷം ഇവിടെ എത്തി. രങ്ലോങ് സമൂഹം പ്രകൃതി ശക്തികളിലുള്ള അവരുടെ വിശ്വാസം ഉപേക്ഷിച്ച് യേശുക്രിസ്തുവിൽ വിശ്വസിച്ചു. ഇത് വളരെ വ്യാപിച്ചു. ഇന്ന് രങ്ലോങ് സമൂഹത്തിന്റെ 80% പേരും ക്രിസ്ത്യാനികളാണെന്ന് വിശ്വസിക്കപ്പെടുന്നു. ഇവർ സമുദായത്തിലെ മറ്റുള്ളവരോടും ക്രിസ്ത്യാനികളല്ലാത്ത അയൽക്കാരോടും നല്ല ബന്ധം നിലനിർത്തുന്നു. ഇവിടെ ഇവർക്കായി ഇരുപത്തിരണ്ട് സഭകൾ ഉണ്ട്. പുതിയനിയമം രങ്ലോങ് ഭാഷയിൽ 2003-ൽ പ്രസിദ്ധീകരിച്ചു. പഴയനിയമം പരിഭാഷ പുരോഗമിക്കുന്നു.

മിക്ക ഹാലാം രങ്ലോങ് ഗ്രാമങ്ങളിലേക്കും റോഡു സൗകര്യം, തപാൽ സൗകര്യം, വൈദ്യുതി എന്നിവ ഇല്ല. ദാരിദ്ര്യവും കുടുംബ പ്രാരാബ്ദങ്ങളും കാരണം കുട്ടികൾ പ്രൈമറി ക്ലാസ്സുകൾ കഴിയുമ്പോൾ തന്നെ വിദ്യാഭ്യാസം നിർത്തുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഇവരുടെ സാഹചര്യങ്ങളിലും സാമ്പത്തിക



സ്ഥിതികളിലും സാമൂഹ്യ ജീവിതത്തിലും കാര്യമായ വ്യത്യാസങ്ങൾ സാവധാനത്തിൽ സംഭവിക്കുന്നുണ്ട്. •

### പ്രാർത്ഥനയ്ക്കായി

- തുടർന്നു കൊണ്ടിരിക്കുന്ന പഴയനിയമം പരിഭാഷയെയും അതിൽ പ്രവർത്തിക്കുന്നവരെയും ഓർത്ത്...
- നല്ല ക്ഷേമ പദ്ധതികൾ, അവഗണിക്കപ്പെട്ട ഈ സമൂഹത്തിന് ലഭിക്കുന്നതിനായി...
- രങ്ലോങ് ക്രിസ്ത്യാനികൾ അവരുടെ ക്രിസ്ത്യാനികളല്ലാത്ത അയൽക്കാരെ സമീപിച്ച് സുവിശേഷം അറിയിക്കുന്നതിന്...

ഇ.ജെ.പി. (കടപ്പാട്: എൻ.എൽ.സി.ഐ.)

ഭാവന

# ഇന്നു ഞാൻ നാളെ നീ..!

പി.വി. സന്തോഷ്, വയനാട്

ഞാൻ പെട്ടിയിലായി. എനിക്ക് ശബ്ദിക്കണമെന്നുണ്ട്; മക്കൾ താടി കൂട്ടിക്കെട്ടിയിരിക്കുകയാണ്. കണ്ണു തുറക്കണമെന്നുണ്ട്. എനിക്കതിനു കഴിയുന്നില്ല. നെഞ്ചിലെന്തോ ഒരു ഭാരം പോലെ. പല... പല സംഘടനകളും വച്ച റീത്താണ് എന്റെ നെഞ്ചത്ത്. ഞാൻ ജീവിച്ചിരുന്നപ്പോൾ ഒരു പൂവ് പറിച്ച് തന്നിരുന്നെങ്കിൽ എനിക്ക് അതിന്റെ സുഗന്ധം ആസ്വദിക്കാമായിരുന്നു. ഇന്നിപ്പോൾ മരണശേഷം റീത്ത് സമർപ്പിച്ചിട്ട് എന്തു കാര്യം? വില കൂടിയ മെഴുകുതിരികൾ എന്റെ ചുറ്റിലും കത്തുന്നുണ്ട്. ഞാൻ ജീവിച്ചിരുന്നപ്പോൾ ഒരു മെഴുകുതിരി വാങ്ങി തന്നിരുന്നെങ്കിൽ പവർകട്ട് സമയത്ത് കത്തിക്കാമായിരുന്നു. ഞാൻ ജീവിച്ചിരുന്നപ്പോൾ ഒരു വീഡിയോ പിടിച്ചിരുന്നെങ്കിൽ മിനിസ്ക്രീനിൽ എന്റെ ചിരിയുടെ ചിത്രം തെളിയുന്നത് കണ്ട് സന്തോഷിക്കാമായിരുന്നു.

ജീവിച്ചിരുന്നപ്പോൾ ഞാൻ വചനം വായിച്ചില്ല. അതിന് സമയം ഉണ്ടായിരുന്നില്ല. ബിസിനസ്സ് ആയിരുന്നു എന്റെ ലക്ഷ്യം. ഇന്നിപ്പോൾ എന്റെ ചാരെയിരുന്ന് സങ്കീർത്തനങ്ങൾ വായിക്കുകയാണ്. എനിക്ക് കേൾക്കാൻ കഴിയുന്നില്ല; എന്റെ ചെവിയിൽ മക്കൾ പഞ്ഞി വച്ചിരിക്കയാണ്. എങ്കിലും ഞാൻ ചെറിയ ചെറിയ ശബ്ദങ്ങൾ കേൾക്കുന്നുണ്ട്. അപ്പൻ ഇനി ശ്വസിക്കേണ്ടെന്നും പറഞ്ഞ് മക്കൾ മൂക്കിലും പഞ്ഞി വച്ചിരിക്കയാണ്. ഞാൻ രണ്ടു ദിവസം ശ്വാസം കിട്ടാഞ്ഞിട്ട് ആശുപത്രിയിൽ കിടന്നതിന് അവർ എനിക്ക് ശ്വസിക്കാൻ തന്ന ഓക്സിജന് 2500 രൂപാ വാങ്ങി. അങ്ങനെയെങ്കിൽ എന്റെ ജനനം മുതൽ 80 വയസ്സു വരെ ഓക്സിജൻ ശ്വസിച്ച വകയിൽ എത്ര രൂപാ ഞാൻ ദൈവത്തിന് കടക്കാരനായി- ഒരു നന്ദി വാക്കു പോലും ഞാൻ ദൈവത്തോട് ഇതുവരെ പറഞ്ഞിരുന്നില്ല. എന്റെ സ്വന്ത ലാഭത്തിനായി ഞാൻ കുറെ ഓട്ടം ഓടി... ഇനി അപ്പൻ ഓടേണ്ട എന്നും പറഞ്ഞ് മക്കൾ കാലിന്റെ പെരുവിരലുകൾ രണ്ടും കൂട്ടിക്കെട്ടിയിരിക്കുകയാണ്.

അനേക ദൈവ ദാസന്മാർ വന്ന് എന്നോട് വചനം പറഞ്ഞപ്പോഴും ഞാൻ അത് ഉൾക്കൊണ്ടില്ല. എന്റെ പാരമ്പര്യം അതിന് തടസ്സമായിരുന്നു. മാത്രമല്ല വേർപാട് സഭയിൽ പോയാൽ ആഭരണങ്ങളായ എന്റെ കയ്യിലെ ചെയിനും, മോതിരവും 5 പവന്റെ മാലയും ഉപേക്ഷിക്കേണ്ടിവരുമെന്ന് വിചാരിച്ച് ഞാൻ അവരെ ആട്ടിപ്പായിച്ചു. ജീവിച്ചിരുന്നപ്പോഴേ ഒരു വേർപാടുകാരൻ ആയില്ല. എന്നാൽ ഞാൻ മരിച്ച ശേഷം ആയിരിക്കയാണ്. എന്റെ മാല പെൺമക്കൾ എടുത്തു. ചെയിനും മോതിരവും ആൺമക്കളും എടുത്തു.

ഞാൻ ജീവിച്ചിരുന്നപ്പോൾ ഒരു തുണ്ടം നല്ല ഇറച്ചി വാങ്ങിതരാത്ത മക്കൾ ഇനി എനിക്കുവേണ്ടി രണ്ടു മാടിനെ വെട്ടി നാല്പതും മുപ്പതും നടത്തും. ഈ അടിയന്തിരം നടത്തുന്നതിന്റെ ഒരംശം എനിക്ക് ജീവിച്ചിരുന്നപ്പോൾ കിട്ടിയിരുന്നെങ്കിൽ ഒരു വർഷം കൂടി ഞാൻ ആരോഗ്യവാനായി ജീവിച്ചിരുന്നേനെ...

പുരോഹിതന്റെ പ്രസംഗം തീരുന്നതു ഞാൻ ശ്രദ്ധിച്ചു: "അതുകൊണ്ട് പ്രിയപ്പെട്ടവരേ, നല്ല പേർ സുഗന്ധ തൈലത്തേക്കാളും മരണ ദിവസം ജനന ദിവസത്തെക്കാളും ഉത്തമം; വിരുന്നു വീട്ടിൽ പോകുന്നതിനേക്കാൾ വിലാപ ഭവനത്തിൽ പോകുന്നത് നല്ലത്, അതല്ലോ സകല മനുഷ്യരുടെയും അവസാനം (സഭാ. 7:2)... ഞാൻ നിർത്തട്ടെ, ഇദ്ദേഹം നല്ല ഒരു മനുഷ്യൻ ആയിരുന്നു..." അന്ത്യ ചുംബനം കൊടുക്കുവിൻ... ആരോ പറയുന്നതു കേട്ടു മക്കൾ ഓരോരുത്തരായി വന്ന് കവിളത്ത് ഉമ്മ തന്നു പോയി. ജീവിച്ചിരുന്നപ്പോൾ ഒരു ഉമ്മയ്ക്കു വേണ്ടി ഞാൻ എത്ര കൊതിച്ചു. മരിച്ചത് നന്നായി എന്ന് അപ്പോൾ എനിക്കു തോന്നി.

ഇപ്പോൾ ഞാൻ ചലിക്കുവാൻ തുടങ്ങി. ചിലർ എന്നെ എടുത്തു കൊണ്ട് സെമിത്തേരിയിലേക്ക് പോകുകയാണ്. അനേകർ ഗാനങ്ങൾ ആലപിക്കുന്നുണ്ട്. "സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു എൻ സ്വദേശം കാണ്മതിനു ബദ്ധപ്പെട്ടോടിടുന്നു..." "മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കു തന്നെ മടങ്ങുവിൻ." എന്നെ കുഴിയിലേക്കു ഇറക്കി വയ്ക്കുകയാണ്... "ഞാൻ മരിച്ചിട്ടില്ലേ..യ് എന്നെ മൂടല്ലേ" എന്ന് അലറി വിളിച്ച് ചാടി എണീറ്റ് ചുറ്റും നോക്കി. ആരെയും കാണുന്നില്ല. ചുറ്റും ഇരുട്ട് മാത്രം. പുതപ്പ് തലവഴി വലിച്ചിട്ട് വൃദ്ധൻ തിരിഞ്ഞു കിടന്നു. ഇനിയും എത്തിയിട്ടില്ലാത്ത മരണ ദൂതന്റെ കാലൊച്ചയ്ക്കായി കാതോർത്തുകൊണ്ട്... •

### വൈ.എം.ഇ.എഫ്. ഹൈറേഞ്ച് ഡിവിഷൻ

**കട്ടപ്പന:** ഹൈറേഞ്ച് ഡിവിഷന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി പോകുന്നു. ജൂൺ മാസത്തിൽ സൂര്യനെല്ലിയിൽ വച്ച് സൂര്യനെല്ലി സഭയുടെ നേതൃത്വത്തിൽ ഗോസ്പൽ ക്യാമ്പ് നടന്നു. ജൂലൈ 26-ന് രാജാക്കാട് സഭാഹാളിൽ ഒരു ഏകദിന സമ്മേളനവും നടത്തപ്പെട്ടു. സുവി. വി.എം. പോളിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം വൈഎം.ഇ.എഫ്. ജനറൽ പ്രസിഡന്റ് എം.കെ. ജോയൽ ഉദ്ഘാടനം ചെയ്തു. "യുവജനങ്ങളും സഭയും" എന്ന വിഷയത്തെ ആസ്പദമാക്കി ബ്രദർ തോമസുകുട്ടി കുരുവിള, തിരുവല്ല ക്ലാസ്സുകൾ എടുത്തു. ഉപദേശ നിശ്ചയവും, പ്രവർത്തനങ്ങളിൽ ഉത്സാഹവുമുള്ള യുവജനങ്ങളെ വാർത്തെടുക്കുക സഭയുടെ ആവശ്യമാണെന്ന് സഹോദരൻ തോമസുകുട്ടി കുരുവിള തന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. ഉച്ചകഴിഞ്ഞ് നടന്ന സിമ്പോസിയത്തിൽ ബ്ര. റെജി ഈട്ടിമൂട്ടിൽ പ്രബന്ധം അവതരിപ്പിച്ചു. ഹൈറേഞ്ചിലെ സ്ഥലം സഭകളിൽ നിന്നായി നൂറിലധികം വിശ്വാസികൾ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു.

അടുത്ത ഗോസ്പൽ ക്യാമ്പ് ആഗസ്റ്റ് മാസത്തിൽ, മാട്ടുക്കട്ട സഭയുടെ പ്രവർത്തന സ്ഥലമായ മലയിൽ പുതികിലിൽ വച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന ആവശ്യപ്പെടുന്നു.

തോമസ് മാത്യു, സെക്രട്ടറി

### സുവിശേഷ വയലിലേക്ക്

വാളകത്ത് ഒരു പെന്തക്കോസ്ത് പാസ്റ്ററുടെ മകനായി ജനിച്ച സഹോദരൻ റോയി തേവർമഠം 1984-ൽ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് സ്നാനപ്പെടുകയും വചനം മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ വാളകത്തുള്ള ബ്രദറൺ സഭയുമായി 1987 മുതൽ കൂട്ടായ്മ ബന്ധത്തിൽ ആകുകയും ചെയ്തു. തുടർന്ന് 2009-ൽ കർത്താവിന്റെ വേലയ്ക്കായുള്ള വിളി ബോധ്യപ്പെട്ടതിനാൽ കുടുംബമായി പൂർണ്ണസമയം വേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു. പരിസരത്തും നമ്മുടെ ഇടയിലുള്ള പൊതു പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിച്ചും വരവെ പിറവം സഭയുടെ പ്രവർത്തന സ്ഥലമായ ഇടയാർ എന്ന സ്ഥലത്ത് സഭയോട് ചേർന്നു പ്രവർത്തിച്ചു വരവെ ഈ സ്ഥലം പ്രവർത്തന സ്ഥലമായി തിരഞ്ഞെടുത്തു. 2013 മെയ് മാസം മുതൽ കുടുംബമായി ഈ സ്ഥലത്ത് താമസിച്ച് ആത്മാർത്ഥമായും സജീവമായും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നു. തന്റെ വേല മുഖാന്തരം കഴിഞ്ഞ നാളുകളിൽ പലരും രക്ഷിക്കപ്പെടുവാനും സ്ഥലം സഭകളോട് ചേരുവാനും ഇടയായിട്ടുണ്ട് എന്ന കാര്യം സ്തോത്രത്തിനായി അറിയിച്ചുകൊള്ളുന്നു.

തനിക്ക് സുവിശേഷ വേലയ്ക്കുള്ള വിളി സഭയ്ക്ക് ബോധ്യമായിരിക്കയാൽ താൻ കർത്താവിന്റെ വേലയ്ക്ക് വേർതിരിഞ്ഞ വിവരം ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിക്കുന്നു.

സഹോദരന് ഭാര്യയും രണ്ടു മക്കളും മാതാവും ഉണ്ട്. ഭാര്യ ബിന്ദു, മക്കൾ ജോയൽ, ഡാനി. മാതാവ് ഏലിയാമ്മ. സഹോദരന്റെ വിലാസം: Roy T.C., Thevarmadom, Vilangaparayil, Periyapuram P.O., Ernakulam Dist. Pin- 686 667 Mob: 9447820075 Email: roythevarmadom@gmail.com

വി.യു. ജേക്കബ്, വർക്കി മാത്യു



വന്ന വഴികൾ - 4

# തലകാശിപ്പള്ളിയിൽ സഭാരൂപീകരണം

ഇ.ജെ. പൈലി, അങ്കമാലി



സഭാഹാളിനോട് ചേർന്ന് റീഡിംഗ് റൂമിന് മുമ്പിൽ സഭാവിശ്വാസികൾ

**ലൈ**ബ്രറി റീഡിംഗ് റൂമിന്റെ പ്രവർത്തനത്തേപ്പറ്റി കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിരുന്നല്ലോ. പുതിയതായി വന്ന് വചനം പഠിക്കുന്നതിനുള്ള സൗകര്യവും അവിടെ ഉണ്ടായി. വൈകിട്ടുള്ള സമയങ്ങളിൽ പതിവായി കുറെ യുവാക്കന്മാരെ വചനം പഠിപ്പിക്കുവാൻ കർത്താവ് എന്നെ ബലപ്പെടുത്തി. അങ്ങനെ വചനം പഠിച്ച യുവാക്കന്മാരുടെ ഫോട്ടോ ഇതോടൊന്നിച്ചു കാണാം. ചില കാരണങ്ങളാൽ റീഡിംഗ് റൂം പിന്നീട് സഭാഹോളിനോടു ചേർന്ന ഒരു മുറിയിലേക്കു മാറ്റുവാനിടയായി. അപ്പോൾ സന്ദർശകർ കുറവായി. റീഡിംഗ് റൂം പ്രവർത്തനം എങ്ങനെ ഫലകരമായി ഉപയോഗപ്പെടുത്തണമെന്ന കാര്യം വായനക്കാരുടെ ശ്രദ്ധയിൽ കൊണ്ടു വരുവാനാണ് ഇത്രയും എഴുതിയത്.



തലകാശിപ്പള്ളി ഗ്രാമത്തിൽ നടന്ന സ്നാനശുശ്രൂഷയ്ക്ക് സാക്ഷ്യം വഹിച്ചവർ

തലകാശിപ്പള്ളി എന്ന ഗ്രാമം കേന്ദ്രീകരിച്ചു പ്രവർത്തിക്കുവാൻ ആരംഭിച്ചതിനേപ്പറ്റി പറഞ്ഞിരുന്നുവല്ലോ. ഒരു ചെറിയ ഗ്രാമം. ഹരിജനങ്ങളുടെ കുറെ കുടുംബങ്ങൾ ഒരുമിച്ചു ഒരു ഭാഗത്തു താമസിക്കുന്നു. ഉയർന്ന കുലസ്ഥരായ ചിലർ അല്പം അകലെയാണ് താമസം. ഹരിജനങ്ങളുടെയിടയിൽ സുവിശേഷത്തിനായി ഒരു വാതിൽ തുറന്നു കിട്ടി. തുടർച്ചയായി എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരം അവിടെ വചനം അറിയിച്ചപ്പോൾ ഒരു നല്ലകൂട്ടം ജനം കർത്താവിനെ സ്വീകരിപ്പാൻ മുമ്പോട്ടു വന്നു. ഇത് ഞങ്ങൾക്ക് വളരെ സന്തോഷ കാരണമായി. അവരിൽ ഒരു നല്ല കൂട്ടം സ്നാനപ്പെടുവാൻ സന്നദ്ധരായി. അങ്ങനെ അവരുടെ സ്നാനം സമീപത്തു തന്നെയുള്ള ഒരു പുഴയിൽ ക്രമീകരിച്ചു. ഇരുപതിലധികം പേർ അന്ന് കർത്താവിനെ ജലത്തിൽ സാക്ഷിക്കുകയുണ്ടായി. ആ ഗ്രാമത്തിൽ ആദ്യമായി നടന്ന സ്നാന ശുശ്രൂഷ. സഹോ. സോളമൻ രാജുവാവാണ് സ്നാനപ്പെടുത്തിയത്. സ്നാനപ്പെട്ടവർക്കെല്ലാം ഹൈന്ദവപേരുകളാണ് ഉണ്ടായിരുന്നത്. അതിനു പകരം ക്രൈസ്തവ പേരുകൾ കൊടുക്കുവാൻ തീരുമാനിച്ചിരുന്നു. സ്നാനപ്പെട്ട് വെള്ളത്തിൽ നിന്നും കയറി വന്നവർക്കെല്ലാം പുതിയ പേരുകൾ കൊടുക്കേണ്ട ചുമതല എനിക്കായിരുന്നു. ആദ്യം സ്നാനപ്പെട്ടയാൾക്ക് മത്തായി എന്നു പേർ നല്കി. തുടർന്ന് മർക്കോസ്, ലൂക്ക, യോഹന്നാൻ ഇങ്ങനെ ഓരോ പേരുകൾ വേദപുസ്തകത്തിൽ നിന്നും കൊടുത്തു. രൂത്തമ്മ മുതലായ പേരുകൾ സ്ത്രീകൾക്കും നല്കി. ഇവർക്കെല്ലാവർക്കും പുതിയ പേരുകൾ സ്നാനക്കടവിൽ വച്ചു തന്നെ നല്കുന്നതു അല്പം ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. അങ്ങനെ ആ ഗ്രാമത്തിൽ വളരെ സന്തോഷമുണ്ടായി. എല്ലാ ഞായറാഴ്ച വൈകുന്നേരവും തിരുവത്താഴവും ആരംഭിച്ചു. അന്ന് ഹോളൊന്നുമില്ലായിരുന്നു. അതുകൊണ്ട് അല്പം സൗകര്യമുള്ള മത്തായി എന്ന സീനിയർ ഗ്രാമീണന്റെ ചെറിയ വീടിന്റെ വരാന്തയിൽ സഭാകൂടിവരവ് ആരംഭിച്ചു. ഗ്രാമീണരുടെ വീടുകളെല്ലാം ചെറിയവയായിരുന്നു. ഒരു വശത്ത് കാളകളെ കെട്ടിയിട്ടുണ്ട്. മറുഭാഗത്തുള്ള വരാന്തയിൽ ഞങ്ങൾ ഒരുമിച്ചു കൂടി പതിവായി ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കർത്താവിനെ ആരാധിച്ചു കൊണ്ടിരുന്നു. കാലിത്തൊഴുത്തിൽ ജനിച്ച വാഴ്ത്തപ്പെട്ട കർത്താവിനെ ഓർക്കുമ്പോൾ ആ വരാന്തയിൽ കൂടിവരുന്നത് ഒട്ടും പ്രയാസമുള്ള കാര്യമല്ലായിരുന്നു. പിന്നീട് ആ സഭ വളരുവാനും അവിടെ ഒരു ഹോൾ പണിയുവാനുമിടയായി. ദൈവത്തിനു സ്തോത്രം.



റീഡിംഗ് റൂമിൽ വച്ച് നടന്ന ബൈബിൾ ക്ലാസ്സിൽ സംബന്ധിച്ച യുവാക്കന്മാർ

**സ്നാനപ്പെട്ട് വെള്ളത്തിൽ നിന്നും കയറി വന്നവർക്കെല്ലാം പുതിയ പേരുകൾ കൊടുക്കേണ്ട ചുമതല എനിക്കായിരുന്നു. ആദ്യം സ്നാനപ്പെട്ടയാൾക്ക് മത്തായി എന്നു പേർ നല്കി. തുടർന്ന് മർക്കോസ്, ലൂക്ക, യോഹന്നാൻ ഇങ്ങനെ ഓരോ പേരുകൾ വേദപുസ്തകത്തിൽ നിന്നും കൊടുത്തു.**

ഈ പുതിയ കൂടിവരവും സാക്ഷ്യവും അവരുടെ ബന്ധുക്കളും പരിചയക്കാരുമായി സമീപ ഗ്രാമങ്ങളിലുണ്ടായിരുന്നവരുടെയും ശ്രദ്ധാവിഷയമായിത്തീർന്നു. അടുത്ത് രണ്ടു ഗ്രാമങ്ങളാണുണ്ടായിരുന്നത്. തിമ്മംപള്ളി, കന്നംപള്ളി. (പള്ളി എന്നാൽ തെലുങ്കിൽ ഗ്രാമം എന്നാണർത്ഥം). ഈ രണ്ടു ഗ്രാമങ്ങളിലും കൂടെ സുവിശേഷമറിയിക്കാനും പലർ രക്ഷിക്കപ്പെടുവാനും കർത്താവ് ഇടയാക്കി. തിമ്മംപള്ളിയിൽ വീടുകൾ കുറവായിരുന്നു. എന്നാൽ കന്നംപള്ളിയിൽ ധാരാളം കുടുംബങ്ങളുണ്ട്. അവരിൽ പലരും രക്ഷിക്കപ്പെട്ടു മുമ്പോട്ടു വന്നു. അവരും സ്നാനപ്പെട്ടു. അങ്ങനെ കന്നംപള്ളിയിലും ഒരു സഭ രൂപം കൊള്ളുവാനിടയായി. കർത്താവ് ഈ ഗ്രാമങ്ങളിൽ അത്ഭുതം പ്രവർത്തിച്ചു എന്ന് പറഞ്ഞാൽ മതിയല്ലോ. അങ്ങനെ കന്നംപള്ളിയിലെ ഒരു വീടിന്റെ വരാന്തയിൽ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു. ചെറിയ വീടുകളാണ് ഗ്രാമങ്ങളിലുള്ളതെന്നതിനാൽ ഇവിടെ ഒരു ഹോൾ അത്യാവശ്യമായി തീർന്നു. പിന്നീട് ഗ്രാമീണർ തന്നെ സ്ഥലത്തു ഒരു ചെറിയ ഷെഡ് ചുരുങ്ങിയ ചെലവിൽ പണിയുകയും അവിടെ കൂടിവരുവാൻ തുടങ്ങുകയും ചെയ്തു. ഒരു കാലത്ത് കള്ളന്മാരുടെ വിഹാരകേന്ദ്രമായിരുന്ന ഈ കന്നംപള്ളി ഗ്രാമം കർത്താവിനെ സത്യത്തിൽ ആരാധിക്കുന്ന ഒരു സഭയുള്ള സ്ഥലമായി രൂപാന്തരപ്പെട്ടു. കർത്താവിനു മഹത്വം.

തലകാശിപ്പള്ളിയും കന്നംപള്ളിയും തമ്മിൽ 3 കി.മീ. ദൂരമേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് ഞായറാഴ്ച തോറും ഉച്ചകഴിഞ്ഞ് സോളമൻ രാജുവും ഞാനും ആദ്യം തലകാശിപ്പള്ളിയിൽ പോയി ആരാധനാ യോഗവും വചന ശുശ്രൂഷയും നടത്തിയ ശേഷം കന്നംപള്ളിയിലേക്കു പോയി ആ ഗ്രാമത്തിലും ആരാധന നടത്തിയ ശേഷം അപ്പോഴേക്കും രാത്രിയാകുന്നതിനാൽ അവിടെ താമസിക്കുകയുമായിരുന്നു പതിവ്. തിങ്കളാഴ്ച രാവിലെ ഞങ്ങൾ അനന്തപ്പൂർ ടൗണിലേക്കു മടങ്ങുകയും ആഫീസിൽ ജോലിക്കു പോകുകയും ചെയ്യുമായിരുന്നു. ഗ്രാമങ്ങളിൽ പോയി അവരുടെ ഭക്ഷണം കഴിക്കുന്നതിനും അവരുടെ വീടുകളിൽ താമസിക്കുന്നതിനും പല വിശ്വാസികളും വിമുഖരായിരുന്നു. എന്നാൽ കർത്താവ് അതിനുള്ള കൃപ തന്നു എന്നു പറഞ്ഞാൽ മതിയല്ലോ.

**കാലിത്തൊഴുത്തിൽ ജനിച്ച് വാഴ്ത്തപ്പെട്ട കർത്താവിനെ ഓർക്കുമ്പോൾ ആ വരാന്തയിൽ കൂടിവരുന്നത് ഒട്ടും പ്രയാസമുള്ള കാര്യമല്ലായിരുന്നു.**



തലകാശിപ്പള്ളി ഗ്രാമത്തിലെ സഭാവിശ്വാസികൾ

## വൈ.എം.ഇ.എഫ്. കുമ്പനാട് സെന്റർ പ്രവർത്തനങ്ങൾ

**കുമ്പനാട്:** കൃപയാൽ വൈ.എം.ഇ.എഫ്. കുമ്പനാട് സെന്ററിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടന്നു വരുന്നു. സെന്ററിന്റെ ചുമതലയിൽ ഒരു ഏകദിന സമ്മേളനം ജൂൺ 28-ന് കോഴഞ്ചേരി ഈസ്റ്റ് സഭയുടെ സഹകരണത്തിൽ കോഴഞ്ചേരി വൈ.എം.സി.എ. ഹാളിൽ നടന്നു. സഹോ. സി.എം. ചാക്കോ, ബേബി വർഗീസ് എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കൂടാതെ ജൂലൈ 19-ന് ചുഴന സഭയുടെ സഹകരണത്തിൽ ഒരു ഏകദിന സുവിശേഷ പ്രവർത്തനം നടന്നു. സഹോദരന്മാർ രണ്ടു പേരടങ്ങുന്ന ടീമുകളായി തിരിഞ്ഞ് അനേക ഭവനങ്ങൾ സന്ദർശിച്ചു സുവിശേഷം അറിയിക്കുന്നതിനും, 6 സ്ഥലങ്ങളിൽ പരസ്യ യോഗങ്ങൾ നടത്തുന്നതിനും ഇടയായി. ദൈവഹിതമായാൽ ഓഗസ്റ്റ് 15-ന് വൈകിട്ട് 8 മണി മുതൽ ഒരു മുഴു രാത്രി പ്രാർത്ഥന സുവി. പി.കെ. ബാബുവിന്റെ ഭവനത്തിൽ വച്ചും, ഓഗസ്റ്റ് 23-ന് ഒരു ഏകദിന പ്രവർത്തനം മുക്കൂർ സഭയുടെ സഹകരണത്തിൽ മുക്കൂറിൽ വച്ചും നടക്കുന്നതായിരിക്കും. ഈ ശുശ്രൂഷകൾക്കായും വൈ.എം.ഇ.എഫ്. കുമ്പനാട് സെന്റർ പ്രവർത്തനങ്ങളെ ഓർത്തും ദൈവജനം പ്രാർത്ഥിച്ചാലും.

കെ.എം. മാത്യു (സെക്രട്ടറി)

## ടീമിന് യാത്രയയപ്പ്

**അങ്കമാലി:** അടുത്ത രണ്ടു വർഷത്തെ പ്രവർത്തനത്തിനായി ആഗസ്റ്റ് 25-ന് വാഹനവുമായി പശ്ചിമ ബംഗാളിലേക്ക് യാത്രയാകുന്ന അഞ്ചംഗ വൈ.എം.ഇ.എഫ്. ടീമിനെ പ്രാർത്ഥിച്ചയയ്ക്കുന്നതിനായി ആഗസ്റ്റ് 24 ഞായറാഴ്ച വൈകിട്ട് 5 മുതൽ 7 വരെ അങ്കമാലി കിഴക്കേ ബ്രദറൺ സഭാഹാളിൽ ഒരു യാത്രയയപ്പു സമ്മേളനം ക്രമീകരിച്ചിരിക്കുന്നു. സഹോദരന്മാർ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

സ്റ്റാൻലി ഏബ്രഹാം, രമേശ് എസ്. നായർ

# ബൈബിൾ ക്വിസ് -58

## 1 രാജാക്കന്മാർ

1. ശലോമോനെ പേടിച്ചു യാഗപീഠത്തിന്റെ കൊമ്പുകളെ പിടിച്ച വൻ ആര്?
2. ശലോമോൻ എത്ര കാലം യെരുശലേമിൽ വാണു?
3. "ഞാൻ എന്റെ പിതാക്കന്മാരേക്കാൾ നല്ലവനല്ലല്ലോ" എന്നു പറഞ്ഞതാര്?
4. നാല്പതിനായിരം കുതിരാലയവും പന്തീരായിരം കുതിരച്ചേ വകരും ഉണ്ടായിരുന്നവൻ ആര്?
5. ശലോമോൻ പണികഴിപ്പിച്ച ആലയത്തിലെ പെട്ടകത്തിൽ ഉണ്ടായിരുന്നതെന്ത്?
6. യഹോവയുടെ കല്പനയാൽ ബേഥേലിലെ യാഗപീഠ ത്തോട് പ്രവചിച്ചതാര്?
7. സ്വന്തം രാജധാനിക്കു തീവെച്ച് അതിൽ കിടന്നു മരിച്ചവൻ ആര്?
8. യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്യാൻ ഭർത്താവിനെ ഉത്സാഹിപ്പിച്ച ഭാര്യ ആര്?
9. "നിന്റെ വിധി അങ്ങനെ തന്നേ ആയിരിക്കട്ടെ; നീ തന്നെ തീർച്ചയാക്കിയല്ലോ" ആര് ആരോടു പറഞ്ഞു?
10. ഞാൻ സേവിച്ചു നില്ക്കുന്ന യഹോവയാണ എന്ന് ആര് ആരോടു പറഞ്ഞു?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസി ദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാ സവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

**ബൈബിൾ ക്വിസ് 55 – ശരിയുത്തരങ്ങൾ :** 1. അദോനിയാവ് (1:5) 2. യൊരോബെയാം (11:26) 3. കീശോൻ തോട്ടിനരികെ (18:40) 4. സാദോക്കിനെ (2:35) 5. ഒലിവുമരം (6:31) 6. 200 എണ്ണം (10:16) 7. ആസാ (15:13) 8. ആഹാബ് (18:5,6) 9. അഹിയാ പ്രവാചകൻ യൊരോബെയാമിന്റെ ഭാര്യയോട് (14:12) 10. അദോനിയാവിന് കൂട്ടു നിന്നതിനാൽ (2:26,27).

കേരളത്തിലെ യുവ സഹോദരന്മാർക്കായി
വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ട്രസ്റ്റ് ഒരുക്കുന്ന

# യൂത്ത് ക്യാമ്പ്

2014 ഒക്ടോബർ 1 ന് വൈകിട്ട് 4 മണി മുതൽ 4–ന് ഉച്ചയ്ക്ക് 1 വരെ
*(പൂജാ അവധി ദിവസങ്ങളിൽ)*
പ്രകൃതിരമണീയമായ പീച്ചിയിലെ ദർശന ക്യാമ്പ് സെന്ററിൽ വച്ച്.
ക്യാമ്പ് ലീഡേഴ്സ്; ജോസ് മാങ്കുടി, ജോൺ സാമുവൽ, റെജി കെ. തോമസ്
നിബന്ധനകൾ:

1. കേരളത്തിലെവിടെയുമുള്ള ബ്രദറൺ യുവ സഹോദര ന്മാർക്ക് പങ്കെടുക്കാം.
2. അംഗങ്ങൾ ആദിയോടന്തം ക്യാമ്പിൽ പങ്കെടുക്കണം.
3. പ്രായപരിധി 15 മുതൽ 35 വയസ്സുവരെയായിരിക്കും.
4. ക്യാമ്പ് ഫീസ്: ഒരാൾക്ക് ഉദ്ദേശം 1500 രൂപ ചെലവ് വരു മെങ്കിലും നിശ്ചിത ഫീസ് ഇല്ല. പ്രാപ്തി പോലെ നൽകുക.
5. പ്രവേശനം മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് മാത്രം; രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കുമായി ബന്ധപ്പെടുക.
സ്റ്റാൻലി ഏബ്രഹാം- 9388281162 email: stanly60@gmail.com

## എസ്.ബി.എസ്. കോഴിക്കോട് സെന്റർ ഏകദിന ക്യാമ്പ് 2014

**കോഴിക്കോട്:** സുവിശേഷകൻ ബാലസംഘം കോഴിക്കോട് സെന്ററിന്റെ ചുമതലയിലും കോഴിക്കോട് സിവിൽ സ്റ്റേഷൻ ബ്രദ റൺ സഭയുടെ സഹകരണത്തിലും ഒരു ഏകദിന ക്യാമ്പ് 2014 സെപ്റ്റംബർ മാസം 6-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.00 മണി വരെ കോഴിക്കോട് സിവിൽ സ്റ്റേഷൻ ബ്രദ റൺ അസംബ്ലി ഹാളിൽ വച്ച് നടത്തുവാൻ കർത്താവിൽ ആശ്ര യിച്ച് തീരുമാനിച്ചിരിക്കുന്നു. 5 മുതൽ 17 വയസ്സുവരെയുള്ള കുട്ടി കൾക്ക് പങ്കെടുക്കാവുന്നതാണ്.
"പിശാചിന് ഇടം കൊടുക്കരുത്" (എഫെ. 4:27) എന്നതായിരിക്കും ക്യാമ്പ് തീം. ബൈബിൾ ക്ലാസ്സ്, ഗ്രൂപ്പ് ക്ലാസ്സുകൾ, സംഗീതാഭ്യസ നം, വേദമത്സരങ്ങൾ, സമ്മാനദാനം എന്നിവയായിരിക്കും പ്രധാന പരി പാടികൾ. ബൈബിൾ ക്വിസ്: അപ്പൊ. പ്രവൃ. 13 മുതൽ 28 വരെയുള്ള അധ്യായങ്ങളിൽ നിന്നും. പ്രാർത്ഥിക്കുക, ഒരുങ്ങുക, പങ്കെടുക്കുക.

സെക്രട്ടറി (9947220241)

## സോദരീ സമാജം

**അടൂർ:** അടൂർ മേഖലയിലെ സഹോദരിമാരുടെ അടുത്ത സമ്മേ ളനം അടൂർ ക്രിസ് ത്യൻ ബ്രദറൺ ചർച്ചിൽ (അടൂർ- ബഥേൽ) വച്ച് 2014 സെപ്റ്റംബർ മാസം 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1.30 വരെ നടത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ സഹോ ദരിമാരും പ്രാർത്ഥനാപൂർവ്വം വന്നു ചേരണമേ.

മിനി ജോൺസൺ, (സെക്രട്ടറി) 9447958284

**കൊട്ടാരക്കര:** കൊട്ടാരക്കര സെന്റർ സോദരീസമാജത്തിന്റെ അടുത്ത സമ്മേളനം സെപ്റ്റം. 13 രണ്ടാം ശനിയാഴ്ച രാവിലെ 10 മുതൽ 1 വരെ ഓടനാവട്ടം ബ്രദറൺ സഭാഹാളിൽ നടക്കുന്നു. യോശുവാ 11-15 വരെ അധ്യായങ്ങളിൽ നിന്നുള്ള ബൈബിൾ ക്വിസ് ഉണ്ടായിരിക്കും. സഹോദരിമാർ പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക.

ലാലി മാത്യു, സെക്രട്ടറി

## സ്നാന ശുശ്രൂഷ

**പട്ടാമ്പി:** പട്ടാമ്പിസഭയുടെ പ്രവർത്തനങ്ങൾ ദൈവകൃപ യാൽ ഭംഗിയായും ക്രമമായും നടക്കുന്നു. കഴിഞ്ഞ 19-07-2014 ശനിയാഴ്ച മൂന്നു സഹോദര ന്മാരും മൂന്ന് സഹോദരിമാരു മായി ആറുപേർ സ്നാനപ്പെടു വാനിടയായി. പട്ടാമ്പി, കുറ്റനാട്, ചാലിശ്ശേരി മുതലായ പ്രദേശ ങ്ങൾ കേന്ദ്രീകരിച്ച് സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്നാനപ്പെട്ട സഹോദരിമാരിൽ ഒരാൾ ചാലി ശ്ശേരിയിൽ നിന്നുള്ള വ്യക്തിയാ ണ്. ഇവിടങ്ങളിലെ പ്രവർത്തന ങ്ങളെയും സ്നാനപ്പെട്ടവരെയും, സഭയെയും ഓർത്ത് ദൈവജനം പ്രാർത്ഥിക്കേണമേ. ഇവിടെ പട്ടാ മ്പിയിലും പരിസരത്തുമായി ജോലിക്കും പഠനത്തിനുമായി കടന്നു വരുന്ന പ്രിയപ്പെട്ടവർ ബന്ധപ്പെടുക. സുവിശേഷകൻ സി.കെ. ജോസ് (9400613659), സഹോ. ബിജോയ് ( 9846388080, 0466- 2213659).

ബിജോയ്, ടെന്നിസൺ മാത്യു, സി.കെ. ജോസ്.

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**മലാങ്കടവ്:** ചെറുവത്തൂരിൽ കർത്താവിന്റെ വേലയിൽ ആയി രുന്ന കർത്ത്യദാസൻ ബിന്റു എ. ഇപ്പോൾ കുടുംബമായി മലാങ്കട വ് സ്ഥലം സഭയുടെ ക്ഷണപ്ര കാരം തയ്യേനിയിൽ താമസിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരികയും ശുശ്രൂഷകളിൽ സംബ ന്ധിക്കുകയും ചെയ്തു വരുന്നു. തനിക്ക് ഭാര്യയും 6-ലും 2-ലും പഠിക്കുന്ന രണ്ടു കുട്ടികളും ഉണ്ട്. ഇപ്പോൾ വാടക വീട്ടിലാണ് താമ സിക്കുന്നത്. പ്രിയപ്പെട്ടവരെ ഓർത്ത് പ്രാർത്ഥിക്കുവാൻ കർത്യ നാമത്തിൽ അഭ്യർത്ഥിക്കുന്നു. വിലാസം: Evangelist Bintu A., Anchanickal House, Thayyeni, Thayyeni P.O.,Cherupuzha Via, Pin 670 511 Kasargod Dist, Kerala Mob: 9744105634.

കെ.വി. ജോൺ, പി.എ. രാജു, ടി.ജെ. തങ്കച്ചൻ

## ഗോസ്പൽ ഔട്ട് റീച്ച് സമാപിച്ചു

**പാക്കാല (ആന്ധ്രാപ്രദേശ്):** പാക്കാല ബ്രദറൺ സഭയുടെ ചുമതലയിൽ ജൂലൈ 10 മുതൽ 13 വരെ നാലു ദിവസം ഗോസ് പൽ ഔട്ട് റീച്ച് പാക്കാല മണ്ഢ ലത്തിൽ നടന്നു. ഭവനസന്ദർശനം, പരസ്യയോഗം, ട്രാക്റ്റ് വിതരണം, രാത്രിയോഗം എന്നീ ശുശ്രൂഷകൾ വളരെ അനുഗ്രഹമായി. 20-ൽ പരം പുതിയ ഗ്രാമങ്ങൾ സന്ദർശിക്കു വാൻ കർത്താവ് കൃപ നൽകി. സുവിശേഷകന്മാരായ റ്റിമ്മി ആഡംസ് തൃശ്ശൂർ, സുധാകർ ബാബു മാട്ടൂർ, ദേവപ്രസാദ് ചിറ്റൂർ, എൻ. നാഗരാജ് പുത്തൂർ, സോണി തോമസ് പാക്കാല എന്നീ ദൈവ ദാസന്മാർ വിവിധ യിടങ്ങളിൽ ദൈവവചനം ശുശ്രൂഷിച്ചു. കൂടാതെ വിവിധ സ്ഥലം സഭകളിൽ നിന്നു ള്ള സഹോദരീ സഹോദരന്മാർ ഈ മീറ്റിംഗിൽ പങ്കെടുത്തു. പ്രത്യേ കാൽ പാക്കാല സഭയുടെ ചുമത ലയിൽ "കല്ലൂർ" എന്ന സ്ഥലത്ത് പുതിയ സ്ഥലം സഭ ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ നടന്നു കൊണ്ടി രിക്കുന്നു. ഇവിടെയുള്ള സ്ഥലം സഭയെയും പ്രവർത്തനങ്ങളെയും ഓർത്ത് ദൈവജനം പ്രാർത്ഥിപ്പാലും.

ഷോബൻ ബാബു, രവി ജയിംസ്

# മഹത്വത്തിൽ



**പത്തനംതിട്ട:** മേക്കൊഴൂർ കുളങ്ങര കെ.സി. ജോണിന്റെ സഹധർമ്മിണി **ലീലാമ്മ ജോൺ ( 72)** ആഗസ്റ്റ് 1-ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസ ന്നിധിയിലേക്കു മാറ്റപ്പെട്ടു. ആഗസ്റ്റ് 6-ന് ഭൗതിക ശരീരം മേക്കൊഴൂർ ബ്രദറൺ സഭാസെമിത്തേരി യിൽ സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടും ബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തൃശ്ശൂർ:** നെല്ലിക്കുന്ന് രെഹബോത്ത് അനാഥശാ ലയിലെ അന്തേവാസിയായിരുന്ന മകൾ **സന്തോഷം (13)** ആഗസ്റ്റ് 3-ന് തന്റെ നിത്യ ഭവനത്തിലേക്ക് ചേർക്കപ്പെട്ടു. ചില വർഷങ്ങളായി ബോൺ ക്യാൻസറിന് ചികിത്സയിലായിരുന്നു. ഭൗതിക ശരീരം ആഗസ്റ്റ് 4-ന് അനേക ദൈവമക്കളുടെ സാന്നിധ്യത്തിൽ സീയോൻ ബ്രദറൺ സഭാസെമി ത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന രെഹബോത്ത് ഓർഫനേജ് കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കാനഡ:** ടൊറോണ്ടോ ബഥനി ചാപ്പൽ അംഗമായ ബ്രദർ സി.എ. ഏബ്രഹാമിന്റെ സഹധർമ്മിണി **അമ്മിണി ഏബ്രഹാം (71)** ജൂലൈ 31-ന് നിത്യഭവനത്തിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ആഗസ്റ്റ് 4-ന് സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**കട്ടപ്പന:** കട്ടപ്പന ബ്രദറൺ സഭാംഗമായ **ജോസഫ് മാധവൻ** കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ജൂലൈ 30-ന് സംസ്കാരം നടത്തി. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**റാന്നി:** സീയോൻകുന്ന് ബ്രദറൺ അസംബ്ലി അംഗമായ **വി.ടി. തോമസ് (ഗ്ലാറി- 86)** ജൂലൈ 25-ന് കർത്തൃസന്നിധിയിലേക്ക് മാറ്റ പ്പെട്ടു. ഭൗതികശരീരം ജൂലൈ 29-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**ബാംഗ്ലൂർ:** പരേതനായ ടി.വി. ഏബ്രഹാമിന്റെ ഭാര്യ **തങ്കമ്മ ഏബ്രഹാം (87)** ജൂലൈ 28-ന് താൻ പ്രത്യാശ വച്ചിരുന്ന മഹത്വ തീരത്തേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം ജൂലൈ 30-ന് സംസ്കരി ച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**തിരുവനന്തപുരം:** അമ്മന്നൂർക്കോണം സുവിശേഷകൻ **ഇ. മണി യൻ** കർതൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഓഗസ്റ്റ് 10-ന് ഭൗതി കശരീരം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടും ബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**ബീഹാർ:** സുവിശേഷകൻ **കൃഷ്ണകുമാർ ശർമ്മ** റോഡപകടത്തെ തുടർന്ന് ഓഗസ്റ്റ് 9-ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശ രീരം ഓഗസ്റ്റ് 10-ന് സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടും ബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.

**ഒറീസ:** റ്റേയാപുട്ട് ബ്രദറൺ സഭാംഗമായ **സഞ്ജീബ് ഘോസ്‌ല (35)** ഓഗസ്റ്റ് 7-ന് നിത്യ ഭവനത്തിലേക്ക് മാറ്റപ്പെട്ടു. ഭൗതിക ശരീരം ഓഗസ്റ്റ് 8-ന് സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലി രിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**തിരുവനന്തപുരം:** ഭിലായ് സുവിശേഷകൻ എം.എസ്. അലക്സാ ണ്ടറുടെ പിതാവ് എം.എസ്. ഭവനിൽ **സെൽവൻ എം. ജോസഫ്** (72)നിത്യഭവനത്തിലേക്ക് മാറ്റപ്പെട്ടു. ഓഗസ്റ്റ് 12-ന് ഭൗതികശരീരം സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥ നയിൽ ഓർക്കുക.

**പത്തനംതിട്ട:** മഞ്ഞിനിക്കര ബ്രദറൺ സഭാംഗമായ സുരേഷിന്റെ ഭാര്യ **മിനി സുരേഷ് (35)** റോഡപകടത്തെ തുടർന്ന് ഓഗസ്റ്റ് 6-ന് മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു. ഓഗസ്റ്റ് 12-ന് സഭാസെമിത്തേരി യിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന എല്ലാവരെയും പ്രാർത്ഥ നയിൽ ഓർത്താലും.

**(പ്രാർത്ഥിക്കുക: മഹത്വത്തിലേക്ക് ചേർക്കപ്പെട്ട സഹോദരി മിനി യുടെ ഭർത്താവ് സുരേഷ് ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ കഴിയുന്നു; ദൈവജനം പ്രാർത്ഥിക്കുക)**

## അനുസ്മരണം

**കുളത്തൂപ്പുഴ:** മുണ്ടനിൽക്കുന്നതിൽ വീട്ടിൽ സഹോ. എം.പി. ജോർജ്ജിന്റെ ഭാര്യ **മേരിക്കുട്ടി ജോർജ്ജ്** (84) ജൂലൈ 11-ന് രാവിലെ 11.45 ന് കർത്താവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷ ജൂലൈ 14-ന് രാവിലെ 9.30ന് സ്വഭവനത്തിൽ ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് കുളത്തൂപ്പുഴ ബ്രദറൺ സെമിത്തേരിയിൽ നടത്തി. പരേത കുലത്താക്കൽ ആറുമുള വീട്ടിൽ എ.ജെ. മാത്യു അവർക ളുടെയും വയലിൽ കുടുംബാംഗം ശ്രീമതി കെ. അന്നമ്മയുടെയും മകളും ആണ്. 1951-ൽ വിവാഹിതയായ പ്രിയ സഹോദരി കുടും ബമായി കുളത്തൂപ്പുഴയിൽ സ്ഥിരതാമസമാക്കി. ഏറ്റവും ശ്രേ ഷ്ഠമായ ഒരു ക്രിസ്തീയ കുടുംബിനിയുടെ മാതൃക പുലർത്തിയ ഒരു സഹോദരി ആയിരുന്നു 'മേരിക്കൊച്ചമ്മ' എന്ന് എല്ലാവരും വിളിക്കുന്ന സഹോദരി മേരി ജോർജ്ജ്. ഏതു സാഹചര്യത്തിലും ശാന്തമായി മാത്രം സംസാരിക്കുന്ന പ്രിയ സഹോദരി ഇന്നത്തെ സഹോദരിമാർക്ക് ഒരു മാതൃക ആയിരുന്നു. സാറയെപ്പോലെ ഭർത്താവിനെ യജമാനനായി കണ്ട് ബഹുമാനിച്ച ക്രിസ്തീയ മാതൃത്വം പ്രിയ സഹോദരിയുടെ പ്രത്യേകതയാണ്. സംസാര ത്തിൽ ഇത്രയും മിതത്വം പാലിച്ച മേരിക്കൊച്ചമ്മ ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യ ആയിരുന്നു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

ഡി. തങ്കച്ചൻ

## ഏകദിനസമ്മേളനം– 450 പേർ പങ്കെടുത്തു

**തൃശ്ശൂർ:** ദൈവത്തിന്റെ അളവറ്റ കൃപയാൽ വൈ.എം.ഇ.എഫ്. തൃശ്ശൂർ യൂണിറ്റിന്റെ ഏകദിനസമ്മേളനം 28-07-2014 ന് സീയോൻ ബ്രദറൺ ചർച്ച് നെല്ലിക്കുന്ന് വെച്ച് വളരെ അനുഗ്രഹകരമായി നടന്നു. ഏകദേശം 450 പേർ സമ്മേളനത്തിൽ പങ്കെടുത്തു. ആത്മിക ഉണർവ്വ് എന്ന വിഷയത്തെ ആസ്പദമാക്കി സുവിശേഷകൻ ദാനിയേൽ വർഗ്ഗീസ്, പുനലൂർ ദൈവവചനം സംസാരിച്ചു. കടന്നുവന്ന എല്ലാവർക്കും നന്ദി. തുടർന്നും വൈ.എം.ഇ.എഫ്.ന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിച്ചാലും.

ഷാജു മാറ്റാംപുറം (സെക്രട്ടറി)

## എസ്.ബി.എസ്. തൃശൂർ സെന്റർ ഏകദിന സമ്മേളനം

**തൃശൂർ:** സുവിശേഷകൻ ബാലസംഘം തൃശൂർ സെന്റർ ഒരുക്കുന്ന ഏകദിന സമ്മേളനം കല്ലേറ്റുംകര കോസ്മോ പോളിറ്റൻ ആഡിറ്റോറിയത്തിൽ 2014 സെപ്റ്റംബർ 15 തിങ്കൾ 9.30 മുതൽ 4 വരെ നടക്കുന്നു. 'വെളിച്ചത്തിൽ നടപ്പിൻ' എന്നതാണ് തീം. ബ്രദർ സ്പർജൻ തിരുവനന്തപുരം മുഖ്യാതിഥിയായിരിക്കും. ഗ്രൂപ്പു ക്ലാസ്സുകൾ, സെക്ഷൻ ക്ലാസ്സുകൾ, സംഗീത അഭ്യസനം എന്നിവ പ്രധാന പരിപാടികളായിരിക്കും. വിവിധ വേദമത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: Mr. Mohan M.G., Muthiraparambil House, Keerthi Nagar, Nadathara P.O., Thrissur,Pin-680751. Ph:9495355461, Email:mohangeorgemg@gmail.com, sbs.thrissur.centre@gmail.com

മോഹൻ എം.ജി., സെക്രട്ടറി

## ചെങ്ങന്നൂർ താലൂക്ക് സുവിശേഷീകരണം

**ചെങ്ങന്നൂർ:** താലൂക്ക് സുവിശേഷീകരണത്തിന്റെ അടുത്ത പ്രവർത്തനം കോയിപ്രം ബ്രദറൺ സഭയുടെ ചുമതലയിൽ 2014 ഓഗസ്റ്റ് 23 ന് നടത്തുവാൻ കർത്താവിൽ ആഗ്രഹിക്കുന്നു. പ്രവർത്തനത്തിനു കടന്നു വരുവാൻ ആഗ്രഹിക്കുന്ന സഹോദരന്മാർ പ്രാർത്ഥനാപൂർവ്വം രാവിലെ 9-ന് കോയിപ്രം സഭാഹാളിൽ എത്തിച്ചേരണമെ.

സാമുവേൽ റ്റി. ഫിലിപ്പ്

## സുവിശേഷക്യാമ്പ് പഴയന്നൂർ പാടത്ത്

**തൃശ്ശൂർ:** വൈ.എം.ഇ.എഫ്. തൃശ്ശൂർ യൂണിറ്റിന്റെ സുവിശേഷ ക്യാമ്പ് 2014 ഓഗസ്റ്റ് 11,12,13 (തിങ്കൾ, ചൊവ്വ, ബുധൻ) എന്നീ ദിവസങ്ങളിൽ പഴയന്നൂർപ്പാടം സഭയിൽ വച്ച് അനുഗ്രഹമായി നടന്നു. എം. പി. ഷാജു മാറ്റാംപുറം നേതൃത്വം നൽകി. ബൈബിൾ ക്ലാസ്സ്- ജോഷി ജോൺ സി. നെല്ലിക്കുന്ന്. രാത്രിയോഗം- സി.ജെ. മത്തായി ചേലക്കോട്ടുകര, ടി.എ. ജോൺ വരാക്കര. ഈ ക്യാമ്പിനെ ഓർത്ത് പ്രാർത്ഥിക്കുകയും സംബന്ധിക്കുകയും ചെയ്ത എല്ലാവർക്കും നന്ദി.

*ഷാജു മാറ്റാംപുറം (സെക്രട്ടറി)*

## നിരാലംബരായ വൃദ്ധജനങ്ങൾക്ക് ഒരു അഭയസ്ഥാനം
# ബ്രദറൺ മേഴ്സി ഹോം




ഭവനാംഗങ്ങൾ (2014 മാർച്ച്)

**കുമ്പനാട്:** ബ്രദറൺ മേഴ്സി ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കുമ്പനാട് പ്രവർത്തിക്കുന്ന ബ്രദറൺ മേഴ്സിഹോം 2013-14 ലെ വാർഷിക റിപ്പോർട്ടും ആഡിറ്റ് ചെയ്ത വരവു - ചെലവു കണക്കുകളും പ്രസിദ്ധീകരിച്ചിരിക്കുന്നു. നമ്മുടെ ഇടയിലുള്ള നിരാലംബരും വാർദ്ധക്യത്തിന്റെ ബലഹീനതയിൽ കഴിയുന്നവരുമായ സഹവിശ്വാസികളെ സൗജന്യമായി സംരക്ഷിക്കുന്ന സ്ഥാപനമാണ് മേഴ്സിഹോം. 1-3-1987-ൽ വാടക കെട്ടിടത്തിൽ ആരംഭിച്ച് 22-5-91 മുതൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയാണ്. കൂടുതൽ അപേക്ഷകരെ ഉൾക്കൊള്ളുന്നതിന് വേണ്ടി കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വികസനപ്പണികൾ ചെയ്യുവാൻ കർത്താവ് കൃപ ചെയ്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 45 പേർ അടങ്ങുന്ന പൊതു സമിതിയിൽ നിന്നും വർഷം തോറും തിരഞ്ഞെടുക്കുന്ന 11 അംഗ ഭരണസമിതിയുടെ ചുമതലയിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നത്.

മേഴ്സിഹോമിൽ ഇപ്പോൾ 4 സഹോദരന്മാരും 7 സഹോദരിമാരും അന്തേവാസികളായുണ്ട്. മേട്രൻ എലിസബത്ത് സഹോദരിയും സഹായികളായുള്ള 2 സഹോദരിമാരുമടക്കം 14 പേർ ഹോമിൽ താമസിക്കുന്നു. ഭൂരിപക്ഷം പേരും വാർദ്ധക്യ സഹജമായ ബലഹീനതകളുള്ളവരാണെങ്കിലും മേഴ്സിഹോമിന്റെ തണലിൽ സന്തുഷ്ടരായി കഴിയുന്നു. മുൻവർഷങ്ങളിലെപ്പോലെ മേഴ്സിഹോം അങ്കണത്തിൽ വച്ച് 2013 നവംബർ 11,12,13 തീയതികളിൽ സുവിശേഷയോഗങ്ങൾ നടന്നു. ജയിംസ് എം. തോമസ് നെടുമ്പാശ്ശേരി, വർഗീസ് കെ. കുര്യൻ പാമ്പാടി, ജോസ്. വി. മാത്യു, ഷിജോ പീറ്റർ എന്നീ കർത്തൃദാസന്മാർ വചനം ശുശ്രൂഷിച്ചു. ബുധനാഴ്ച തോറും നടക്കുന്ന ബൈബിൾ ക്ലാസ്സുകൾക്ക് സുവിശേഷകൻ എ.വി. ഏബ്രഹാം നേതൃത്വം കൊടുക്കുന്നു.

വിശ്വാസികൾക്ക് ദൈവം അവരുടെ മനസ്സിൽ കൊടുക്കുന്ന പ്രേരണ അനുസരിച്ച് സ്വമേധാദാനങ്ങളായി നല്കുന്ന തുകകൾ കൊണ്ടാണ് ഈ പ്രവർത്തനത്തിന്റെ ചെലവുകൾ നടക്കുന്നത്. മേഴ്സി ഹോമിന്റെ ദൈനംദിന കാര്യങ്ങൾക്ക് പലിശ ഉപയോഗിക്കത്തക്കവണ്ണം പല പ്രിയപ്പെട്ടവരും എൻഡോമെന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഹോമിന്റെ നടത്തിപ്പിൽ തിരുവല്ല മെഡിക്കൽ മിഷന്റെ സഹായസഹകരണങ്ങൾ വളരെ വിലപ്പെട്ടതാണ്. ഡോക്ടറും സ്റ്റാഫും തുടർച്ചയായി ഹോമിലെത്തി എല്ലാവരെയും പരിശോധിച്ച് മരുന്നുകൾ നല്കുകയും ആവശ്യമുള്ളവരെ ആശുപത്രിയിൽ കിടത്തി ചികിത്സിക്കുകയും ചെയ്യുന്നു. ദൈവമക്കൾ സഭകളായും വ്യക്തികളായും ഈ സ്ഥാപനത്തെയോർത്ത് തുടർന്നും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. (മേഴ്സി ഹോം ഫോൺ നമ്പർ: 0469- 2667315.)

സി.എസ്. ഏബ്രഹാം, സെക്രട്ടറി

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള നമ്മുടെ സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം ചിറ്റാർ ബ്രദറൺ സഭാഹാളിൽ 30-08-2014 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടക്കുന്നതാണ്. പ്രസ്തുത യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പങ്കെടുക്കുക.

എ.എം.തോമസ്, റ്റി.ജി. മാത്യു

**ചിന്ത**

*റ്റി. വി. എസ്.*

## കഷ്ടതയുടെ മധുരതരമായ ഫലങ്ങൾ

ഏതു മനുഷ്യനും ഇഷ്ടപ്പെടാത്ത ഒരു അവസ്ഥയാണ് ജീവിതത്തിലെ അന്ധകാരത്തിന്റെയും കഷ്ടതയുടെയും ദിനങ്ങൾ. അതു കേൾക്കുമ്പോൾ തന്നെ ഉള്ളിൽ ഒരു ഭയം തോന്നും. അനേകരും പറയുന്നത് അതിനെ എങ്ങനെ നാം സഹിക്കും എന്നാണ്. കഷ്ടതകളുടെ ഭാരവും അന്ധകാരത്തിന്റെ കാഠിന്യവും നീണ്ടു നിൽക്കുന്നതായാകാം. ചിലത് താൽക്കാലികം ആകാം. ഏതായാലും അത്ര നല്ലതൊന്നും അല്ലായെന്നാണ് ചിലരുടെ അഭിപ്രായം. എന്നാൽ ഒരു ദൈവപൈതലിന്റെ കഷ്ടതകൾ എന്നു പറയുന്നത് അവന്റെ ജീവിതത്തിലെ അനുഗ്രഹത്തിലേക്കുള്ള ചെറിയ കൈവഴികളാണ്. ആദ്യം ഒക്കെ അത് നമുക്ക് അല്പം അരോചകമായി തോന്നിയേക്കാം. പിന്നീട് അതിൽ അഭ്യാസം ലഭിച്ചവർക്ക് അത്ര പ്രയാസമായി തോന്നിയില്ലെന്നു വരാം. അതിലൂടെ ക്രിസ്തീയ ജീവിതത്തിന്റെ മനോഹാരിത വെളിപ്പെടുകയും ദൈവനാമം മഹത്വപ്പെടുകയും ചെയ്യും. യോസേഫിന്റെയും, എബ്രായ ബാലന്മാരുടെയും ജീവിതം നമ്മുടെ മുന്നിൽ ഉണ്ടല്ലൊ.

പനിനീർ പുഷ്പച്ചെടിയിൽ നിന്നും കൂടുതൽ മനോഹരങ്ങളായ പുഷ്പം പുറപ്പെടുവിക്കുന്നതിന് തോട്ടക്കാരൻ ഒരു പ്രത്യേക കാര്യം ചെയ്യാറുണ്ട്. ആ ചെടിയെ മഞ്ഞും വെളിച്ചവും കിട്ടാത്ത നിലയിൽ കുറെ സമയത്തേക്ക് സൂക്ഷിക്കും. ഇങ്ങനെ കുറെ സമയം വെളിച്ചമില്ലാത്ത അവസ്ഥയിൽ ജീവിക്കുമ്പോൾ പച്ചയായ ഭാഗങ്ങളെല്ലാം കൊഴിയാൻ തുടങ്ങും. ചെടിക്കും ജീവനുണ്ടെന്നാണല്ലൊ ശാസ്ത്രം പറയുന്നത്. ആ നിലയിൽ അത് അല്പം ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യും. ഇങ്ങനെ സംഭവിക്കുമ്പോൾ ചെടി നശിക്കുകയാണോ എന്ന് നമുക്ക് തോന്നിപ്പോകും. അങ്ങനെ വാടിയ ഇലകൾ കൊഴിഞ്ഞശേഷം കൊമ്പുകൾ അല്ലാതെ മറ്റൊന്നും ഇല്ലാത്ത അവസ്ഥയിൽ ചെടിമാറിക്കഴിയും. അപ്പോൾ ഓരോ മുട്ടുകളിലും പുതിയ ചൈതന്യം ദൃശ്യമായി തുടങ്ങും. ഇപ്രകാരം അല്പസമയത്തേക്കുള്ള ഒരു പരീക്ഷണം മൂലം വളരെ മനോഹരമായ പുഷ്പങ്ങൾ ഉണ്ടായി വരും. അത് തോട്ടക്കാരന്റെ മനസ്സിന് സന്തോഷം നല്കുന്നു.

ഇപ്രകാരം സ്വർഗ്ഗീയ തോട്ടക്കാരനായ നമ്മുടെ കർത്താവ് തന്റെ തോട്ടത്തിലെ പുഷ്പങ്ങൾ ആകുന്ന തന്റെ മക്കളിൽ അങ്ങനെ ചെയ്തു എന്നു വരാം. തന്റെ തോട്ടത്തിലെ സൗരഭ്യം പരത്തുന്ന ചെടികൾ ആകുന്ന മക്കൾ കൂടുതൽ ഫലം കായ്ക്കുന്നവരും, കൂടുതൽ സൗരഭ്യം പരത്തുന്ന പുഷ്പങ്ങൾ ഉല്പാദിപ്പിക്കുന്നവരും ആയിത്തീരണം എന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. രക്ഷിക്കപ്പെടുന്നവരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ദൈവജനം ക്രിസ്തുവിന്റെ സൗരഭ്യവാസന പരത്തുന്നവർ ആകണം എന്നാണ് പൗലോസ് കൊരിന്ത്യരോട് പറഞ്ഞത്. നാം കൂടുതൽ ഫലം കായിക്കണമെങ്കിൽ കാലാകാലങ്ങളിൽ ചില ചെത്തലും വെടിപ്പാക്കലും ഉണ്ട്. അത് ഇരുട്ടിന്റെ അനുഭവം ആണല്ലൊ എന്ന് നമുക്ക് തോന്നിപ്പോകും. അതുകൊണ്ട് സാധിക്കുന്നത് കാലാവസ്ഥയുടെ പ്രതികൂലങ്ങളെ അതിജീവിക്കുവാൻ കാരണമാകുന്നു. തൻമൂലം കൂടുതൽ ഫലം ഉളവാകുകയും ചെയ്യും. ചില കഷ്ടതകൾ നമ്മെ കൂടുതൽ വിശ്വാസത്തിൽ ഉറപ്പിക്കാനുള്ളതാണെന്നും നാം അറിയണം. അങ്ങനെ നാം അറിയുമ്പോൾ അത് അശേഷം സന്തോഷം എന്ന് എണ്ണുവാൻ കഴിയും. നമ്മുടെ എല്ലാ അനുകൂലമായ സാഹചര്യത്തിൽ നിന്നും നമ്മെ മാറ്റി ഏലിയാവിനെപ്പോലെ ഒരു കെരീത്ത് തോട്ടിന്റെ അനുഭവത്തിൽ ആക്കിയെന്നു വരാം. മുഷിയരുത്, നിരാശപ്പെടരുത്. അവിടെയും കാക്കുന്ന പരിപാലിക്കുന്ന കർത്താവ് നമ്മോടു കൂടെയുണ്ട്. അപ്പോഴാണ് കഷ്ടതയുടെ മനോഹരമായ ഫലങ്ങൾ രൂപം കൊള്ളുന്നത്. നാം കൂടുതൽ ഫലം കായ്ക്കുമ്പോൾ തോട്ടക്കാരനായ കർത്താവും, തന്റെ പിതാവും കൂടുതൽ സന്തോഷിക്കുകയും അവരുടെ നാമം മഹത്വപ്പെടുകയും ചെയ്യും. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

**SUVISESHA DHWANI**
Fortnightly
Vol. 37 Issue 25
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :

Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**16.08.2014**

REGISTERED
*Reg. No. RN 29475/78*
Postal Reg. No. KL / MVK / 188 / 2014-16
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: D'Club, Kallissery.